Date of Publication: 11 February 2015

Annual Subscription ₹100

Vol 2 Issue 20

# എം.ഇ.എസ്. ന്യൂസ് ബുള്ളറ്റിൻ

MES Since 1964

MONTHLY




ഗോൾഡൻ ജൂബിലി സമാപന സാംസ്കാരിക ഘോഷയാത്ര കോഴിക്കോട് ബീച്ചിൽ നിന്നും ആരംഭിച്ചപ്പോൾ ഡോ. പി.എ. ഫസൽ ഗഫൂർ, പ്രൊഫ. പി.ഒ.ജെ. ലബ്ബ, കെ.കെ. അബൂബക്കർ, വി. മൊയ്തുട്ടി, എ.എം. അബൂബക്കർ, എ.മുഹമ്മദ്, വി.യു അമീറ, സി.ടി. സക്കീർ ഹുസൈൻ, ഡോ.എൻ.എം. മുജീബ് റഹ്മാൻ, ടി.എം. സക്കിർ ഹുസൈൻ, എം. അലി, ഡോ. വി.കെ. ജമാൽ, പി.എച്ച്. നജീബ്, എ. ഹബീബ് മുഹമ്മദ്, ഡോ. കെ.പി. അബൂബക്കർ, ഇ.പി. മോയിൻകുട്ടി തുടങ്ങിയവർ നേതൃത്വം നൽകുന്നു

## ഗോൾഡൻ ജൂബിലി സമാപന സമ്മേളന നഗരിയുടെ മുഖ്യ കവാടങ്ങൾ









ഗോൾഡൻ ജൂബിലി
യുവജന സമ്മേളനം
കർണാടക ആരോഗ്യമന്ത്രി
യു.ടി. ഖാദർ ഉദ്ഘാടനം
ചെയ്യുന്നു.




ഗോൾഡൻ ജൂബിലി
'സാംസ്കാരിക ദേശീയത'
സെമിനാറിൽ ബംഗാളിലെ
പാർലിമെന്റംഗം
മുഹമ്മദ്സലിം
പ്രസംഗിക്കുന്നു




ഗോൾഡൻ ജൂബിലി വനിത
മീറ്റ് വനിത കമ്മീഷൻചെയർ
പേഴ്സൺ റോസകുട്ടിടീച്ചർ
ഉദ്ഘാടനം ചെയ്യുന്നു.

# എം.ഇ.എസ്. ന്യൂസ് ബുള്ളറ്റിൻ

Vol 2 11 February 2015 Issue 20


നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു.

ഖുർആൻ: 41.34

# Contents

## എം.ഇ.എസ്. സുവർണ്ണജൂബിലി

**ജനവരി 22, 23, 24, 25**

**കോഴിക്കോട് സമാപിച്ചു**




| | |
|---|---|
| സുവർണ ജൂബിലി സമാപനം പതാക ഉയർത്തി | 05 |
| വനിത മീറ്റ് | 07 |
| യൂത്ത്മീറ്റ് | 13 |
| സി.ബി.എസ്.ഇ. കലോത്സവം | 16 |
| ജീവനക്കാരുടെ സംഗമം | 18 |
| സംഗീത നിശ | 23 |
| ദേശീയ വിദ്യാഭ്യാസ സമ്മേളനം | 25 |
| പ്രതിനിധി/നവോത്ഥാന സമ്മേളനം | 31 |
| സാംസ്കാരിക ഘോഷയാത്ര | 35 |
| സമാപനസമ്മേളനം | 53 |



**എഡിറ്റോറിയൽ ബോർഡ്**

**മാനേജിംഗ് എഡിറ്റർ**
ഡോ.പി.എ. ഫസൽഗഫൂർ
ഫോൺ: 9847233800

**പ്രിന്റർ & പബ്ലിഷർ**
പ്രൊഫ.പി.ഒ. ജമാലുദ്ദീൻ ലബ്ബ
ഫോൺ: 9847042536

**എഡിറ്റർ**
കെ.എസ്. അബ്ദുൽകരീം
ഫോൺ: 9567908175

**അംഗങ്ങൾ**
കെ.കെ. അബൂബക്കർ
ഡോ.എം.എ. അബ്ദുള്ള
എ.മുഹമ്മദ്
എ.എം. അബൂബക്കർ
കെ.ജെയ്നി
ജോനകപ്പുറം താഹാക്കുട്ടി
ഡോ.എം. ജമാലുദ്ദീൻ കുഞ്ഞ്

**റസിഡന്റ് എഡിറ്റർ & കോ-ഓർഡിനേറ്റർ**
സി.ടി. സക്കീർ ഹുസൈൻ
ഫോൺ: 9847250739
email: mesnewsbulletin@gmail.com
ctzakir@yahoo.co.in

**Please Visit**
http://mesgoldenjubileecelebration2014.com



ഓഫീസ്: **എം.ഇ.എസ്. ഓഫീസ്**, ബാങ്ക് റോഡ്, കോഴിക്കോട്-673001,
ഫോൺ: 0495-2369321, 2766577, 2768119, ഫാക്സ്: 0495-2766577, 2761189, ടെലഗ്രാം: MESK
Email: meskde@bsnl.in, meskerala@gmail.com, mesnewsbulletin@gmail.com

Editorial

# മതേതരത്വം ഉയർത്തിപിടിച്ച്
# ഗോൾഡൻ ജുബിലി സമാപിച്ചു

**എം.**ഇ.എസ്. പ്രസ്ഥാനത്തിന്റെ സുവർണ്ണ ജുബിലി സമ്മേളനം കോഴിക്കോട് സമാപിച്ചു. അരനൂറ്റാണ്ടുകാലത്തെ നേട്ടങ്ങളുടെ ചിരസ്മരണകളുണർത്തി രാജ്യനന്മക്ക് മതേതരത്വവും, മതസൗഹാർദ്ദവും, മനുഷ്യ കൂട്ടായ്മയും ഒഴിച്ചുകൂടാനാവാത്തതാണെന്ന ഉറച്ച പ്രഖ്യാപനവുമായാണ് സമ്മേളനം കൊടിയിറങ്ങിയത്. വൈരുദ്ധ്യവും, വൈജാത്യവും നിറഞ്ഞ മണ്ണിൽ മനുഷ്യൻ ഓന്നാണെന്നും പിന്നാക്ക - ന്യൂനപക്ഷ പുരോഗതിയും ദേശീയ പുരോഗതിയുടെ ഭാഗമാണെന്നുമുള്ള ഉദ്ഘോഷവും സമ്മേളനത്തിൽ ഉയർന്നുകേട്ടു. ഒരു വർഷക്കാലം നീണ്ടുനിന്ന ഗോൾഡൻ ജുബിലിയുടെ പരിസമാപ്തിക്ക് കോഴിക്കോട് നഗരം സാക്ഷ്യം വഹിച്ചത് മറക്കാനാവാത്ത ഓർമകൾ സമ്മാനിച്ചാണ്. ദേശീയ-അന്തർ ദേശീയ സെമിനാറുകളും സാംസ്കാരിക തനിമ വിളംബരം ചെയ്ത ഫ്ളോട്ടുകളുടെയും, നിശ്ചല ദൃശ്യങ്ങളുടെയും ഘോഷയാത്രയും ന്യൂനപക്ഷ-പിന്നാക്ക ഐക്യവും-പുരോഗതിയും, സമുദായ സൗഹാർദ്ദവും അനിവാര്യമാണെന്ന ഓർമപ്പെടുത്തലും ജുബിലിയുടെ പരിസമാപ്തിക്ക് കൂടുതൽ തെളിച്ചം നൽകി. സമ്മേളനത്തിൽ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമായ പ്രമുഖ രാഷ്ട്രീയ നേതാക്കൾ, മുഖ്യമന്ത്രി, എം.എൽ.എ.മാർ സാമൂഹ്യ-സാംസ്കാരിക-മത നേതാക്കൾ, എം.ഇ.എസ്. പ്രവർത്തകർ ജീവനക്കാർ, സംഘടനയെ സ്നേഹിക്കുന്നവർ എന്നിവരോടുള്ള കൃതജ്ഞത വാക്കുകൾക്കതീതമാണ്. സംഘടനയുടെ ചരിത്രത്തിന് മാറ്റുകൂട്ടി മതേതരത്വം ഉയർത്തിപ്പിടിച്ച് 2015 ജനവരി 22,23,24,25 തിയതികളിൽ കോഴിക്കോട് നഗരിയിൽ ഗോൾഡൻ ജുബിലി സമ്മേളനം സമാപിച്ചു. ആഘോഷ പരിപാടികൾ വിജയിപ്പിക്കുന്നതിനായി പ്രവർത്തിച്ച മുഴുവൻ സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

എന്ന്,

**ഡോ. പി.എ. ഫസൽ ഗഫൂർ**
മാനേജിംഗ് എഡിറ്റർ

# സുവർണ ജൂബിലി സമാപനം പതാക ഉയർത്തി

**കോഴിക്കോട്:** എം.ഇ.എസ്. ഗോൾഡൻ ജൂബിലി സമാപന സമ്മേളനത്തിന് തുടക്കം കുറിച്ച് 2015 ജനവരി 22-ന് കോഴിക്കോട് മാങ്കാവ് ഗോവിന്ദപുരം ബൈപ്പാസ് റോഡിൽ പ്രത്യേകം സജ്ജമാക്കിയ നഗരിയിൽ (എം.ഇ.എസ്. ഹെഡ്ക്വട്ടേഴ്സ് സെന്റർ) എം.ഇ.എസ്. സംസ്ഥാന പ്രസിഡന്റ് ഡോ.പി.എ.ഫസൽ ഗഫൂർ രാവിലെ 9.30-ന് പതാക ഉയർത്തി തുടക്കം കുറിച്ചു.

ചടങ്ങിൽ സംസ്ഥാനനേതാക്കളായ പ്രൊഫ പി.ഒ.ജെ. ലബ്ബ, കെ.കെ. അബൂബക്കർ, വി. മൊയ്തുട്ടി, എ. മുഹമ്മദ്, എ.എം. അബൂബക്കർ, ഡോ. കെ.പി. അബൂബക്കർ, എം. ഹബീബ് മുഹമ്മദ്, ഡോ. എൻ.എം. മുജീബ് റഹ്മാൻ, ഡോ. വി. കെ. ജമാൽ, എം. അലി, പി.എച്ച് നജീബ്, സി.ടി. സക്കീർ ഹുസൈൻ, പി.എച്ച്. മുഹമ്മദ്, ടി.എം. സക്കീർ ഹുസൈൻ, അഡ്വ. എ.പി.എം. നസീർ, എസ്.എം. എസ്. മുജീബ് റഹ്മാൻ, എ. മൊയ്തീൻ കുട്ടി, എം. അബ്ദുൽ റഹിം, കെ.ഇ. പരീത്, ഡോ. ഫിറോസ് മുഹമ്മദ്, പ്രൊഫ. പി.പി. സാജിദ്, കെ.കെ. കുഞ്ഞുമൊയ്തിൻ, സംസ്ഥാനകമ്മിറ്റി അംഗങ്ങൾ ജില്ലാ ഭാരവാഹികൾ, യൂത്ത്വിംഗ് ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.




2015 ജനവരി 22ന് രാവിലെ ഗോൾഡൻ ജൂബിലി സമ്മേളന നഗരിയിൽ പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ പതാക ഉയർത്തുന്നു. എം.ഇ.എസ്.നേതാക്കൾ സമീപം.

# പെൺകരുത്ത് തെളിയിച്ചും ആവേശം പകർന്നും

## പെൺവിദ്യാഭ്യാസത്തിന് നേതൃത്വം നൽകിയത് എം.ഇ.എസ്.: റോസക്കുട്ടി ടീച്ചർ

**കോഴിക്കോട് :** എം.ഇ.എസ്. വനിതാ സമ്മേളനം 22-ന് രാവിലെ 10.30-ന് ഫാത്തിമ ഗഫൂർ നഗറിൽ കേരള വനിത കമ്മീഷൻ ചെയർപേഴ്സൺ ശ്രീമതി. റോസക്കുട്ടി ടീച്ചർ ഉദ്ഘാടനം ചെയ്തു. സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സാമൂഹ്യ പ്രശനങ്ങളിൽ ധീരമായി ഇടപെടുന്ന എം.ഇ.എസ്. പ്രസിഡന്റ് ഡോ. ഫസൽ ഗഫൂറിനെ അവർ പ്രത്യേകം അഭിനന്ദിച്ചു. എം.ഇ.എസ്. കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി നമ്മുടെ രാജ്യത്ത് നടത്തുന്ന മികവുറ്റ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഇന്ന് നാം കാണുന്ന പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയെന്നും, ഇതിന് നേതൃത്വം നൽകിയ എം.ഇ.എസ്സിനും നേതാക്കൾക്കും അഭിമാനിക്കുവാൻ വകയുണ്ടെന്നും റോസക്കുട്ടി ടീച്ചർ പറഞ്ഞു.

## ഗാന്ധിജി കൊല്ലപ്പെട്ടത് മതേതര ഇന്ത്യക്ക് വേണ്ടി; ടീസ്റ്റ സെറ്റൽവാദ്

**വി**ദ്യാഭ്യാസ രംഗത്ത് നമ്മുടെ രാജ്യം എന്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ വന്നത് എന്ന് പുതിയ തലമുറ പഠിക്കണമെന്ന് ടീസ്റ്റ സെറ്റൽവാദ് പറഞ്ഞു. നമ്മുടെ കുട്ടികൾ അവരുടെ വിദ്യാഭ്യാസ കാലത്ത് ഭരണഘടനയുടെ വകുപ്പുകൾ എത്രത്തോളം മനസ്സിലാക്കുന്നുണ്ട്. ഇക്വാലിറ്റി, ഫ്രീഡം എന്നീ മൂല്യങ്ങൾ നമ്മുടെ വിദ്യാർത്ഥികളെ പഠിപ്പിക്കണം. മഹാരാഷ്ട്രയിൽ പൂനയിലെ ഒരു വില്ലേജിൽ സ്ഥാപിച്ച പ്രഥമ പെൺ പള്ളികൂടത്തിൽ ഒരേ ക്ലാസ്സിലെ ഓരോ കുട്ടിയും ഓരോ വ്യത്യസ്ഥ സമുദായത്തിൽ നിന്നുള്ളവരാണ്. ഒട്ടേറെ പ്രയാസങ്ങൾ തരണം ചെയ്താണ് അത് സാധ്യമായത്. ജനാധിപത്യ ചരിത്രവും സംസ്കാരവും നമ്മുടെ ചരിത്ര പുസ്തകത്തിൽ നിന്ന് ബോധപൂർവ്വം മാറ്റി നിർത്തിയിരിക്കുന്നു. എല്ലാ ജാതികളും സമൂഹങ്ങളും രാഷ്ട്ര നിർമ്മാണത്തിൽ പങ്കു വഹിച്ചിട്ടുണ്ട്. കേരളം നിരവധി സമരങ്ങളുടെ നാടാണ്. ഈ ആശയങ്ങളുടെ സാരം നാം നമ്മുടെ കുട്ടികളെ പഠിപ്പിക്കണമെന്ന് അവർ പറഞ്ഞു.

അംബേദ്കർ ദലിത് സ്ത്രീകളെ അഭിസംബോധന ചെയ്തത് തങ്ങളുടെ ഉത്തരവാദിത്വത്തെപ്പറ്റി




സോഷ്യൽ ആക്ടിവിസ്റ്റ് ടീസ്റ്റാ സെറ്റൽവാദ് വനിത മീറ്റിൽ പ്രസംഗിക്കുന്നു

# വനിത സമ്മേളനം

ഫാത്തിമ ഗഫൂർ നഗർ

ഓർമ്മിപ്പിച്ചു കൊണ്ടാണ്. നാം വളരെ പ്രയാസമേറിയ കാലത്താണ് ജീവിക്കുന്നത്. തുല്യതയും, സമത്വവും നീതിയും സമൂഹത്തിൽ ഇല്ലാതായിരിക്കുന്നു. ഗാന്ധിയുടെ ഘാതകരെ മഹത്വവൽക്കരിക്കുന്നു. സെക്യുലർ ഇന്ത്യൻ സ്റ്റേറ്റിന് വേണ്ടി നിലകൊണ്ടത് കൊണ്ടാണ് ഗാന്ധി കൊല്ലപ്പെട്ടത്. അയിത്തത്തിനും വർഗ്ഗീയതയ്ക്കും എതിരായിരുന്നു ഗാന്ധി. മതത്തെ രാഷ്ട്രീയ വൽക്കരിക്കുന്നതിനെതിരായിരുന്നു അദ്ദേഹം. ജനാധിപത്യം, സമത്വം ഇവ ഇന്ന് വലിയ പ്രതിസന്ധി നേരിടുന്നു. മുസ്ഫർ ഫൂർ, ബിഹാർ, ഹൻസൂർ എന്നിവിടങ്ങളിൽ ന്യുനപക്ഷങ്ങൾക്കെതിരെയുള്ള കലാപങ്ങൾ ലോക്കൽ ഹിന്ദുക്കളും മുസ്ലിംങ്ങളും ഒരുമിച്ച് നിന്ന് നേരിട്ടു. വർഗ്ഗീയ ജനാധിപത്യത്തിനെതിരെ ന്യൂനപക്ഷങ്ങളുടെ ഭാഗത്തുനിന്ന് പ്രകോപനങ്ങൾ ഉണ്ടാകരുത്. വർഗ്ഗീയക്കെതിരെയുള്ള ബിൽ അവതരിപ്പിക്കാൻ ഗവൺമെന്റ് സന്നദ്ധമായിട്ടില്ല. കലാപങ്ങൾ ബോധപൂർവ്വം വളർത്തിയെടുക്കുന്നതാണ്. ഒരുപാട് ഒരുക്കങ്ങൾ അതിനു വേണ്ടി നടക്കുന്നു. സാക്ഷി മഹാരാജനെപ്പോലുള്ള നേതാക്കൾ പരസ്യമായി നിയമത്തെ വെല്ലുവിളിക്കുന്നു. ന്യൂനപക്ഷങ്ങൾക്കെതിരെ നിയമ നടപടികൾ ഉണ്ടാകുന്നു. ഈ വിവേചനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വർഗീയ ലഹളയാകട്ടെ, ജാതി സംഘർഷമാകട്ടെ, കുടുംബകലഹമാകട്ടെ സ്ത്രീകളാണ് ഇതിലെല്ലാം ഒന്നാമത്തെ ഇരകളാകുന്നത്.

ദൃക്സാക്ഷികൾ, ഇവർക്ക് സംരക്ഷണം നൽകാതെ നീതി ലഭിക്കുകയില്ല. ക്രിമിനൽ കേസിന്റെ വിചാരണ മൂന്നോ നാലോ വർഷങ്ങൾ കൊണ്ട് തീർപ്പാക്കണം. സ്വതന്ത്രമായ അന്വേഷണം വേണം. സാക്ഷികൾക്ക് സംരക്ഷണം വേണം. ഇവ ആവശ്യപ്പെട്ട് കൂടുതൽ തവണ ഞാൻ സുപ്രീംകോടതിയെ സമീപിക്കേണ്ടി വന്നിട്ടുണ്ടെന്നും സോഷ്യൽ ആക്ടിവിസ്റ്റും ഗോധ്രയിലെ ഇരകൾക്കായി പോരാട്ടം നടത്തുന്ന ടീസ്റ്റ സെറ്റൽവാദ് പറഞ്ഞു. മതേതര പ്രവർത്തനത്തിനുള്ള എം.ഇ.എസ്. ദേശീയ പുരസ്കാരം പ്രസിഡന്റ് ഡോ.പി.എ. ഫസൽ ഗഫൂർ ടീസ്റ്റ സെറ്റൽവാദിന് സമ്മാനിച്ചു.

# വീട്ടിനകത്തും പുറത്തും സ്ത്രീകൾ പീഡനത്തിനിരയാവുന്നു:

## ഫ്ളാവിയ ആഗ്നസ്

**വീ**ട്ടിലും പുറത്തും സ്ത്രീകൾ ബലാൽക്കാരങ്ങൾക്ക് ഇരയാവുന്നു. സോഷ്യൽ അക്ടിവിസ്റ്റ് ഫ്ളാവിയ ആഗ്നസ് പറഞ്ഞു. നിരവധി നിയമങ്ങൾ പാസ്സാക്കപ്പെട്ടിട്ടും ഇന്നും സ്ത്രീധന പീഡനം, ലൈംഗിക പീഠനം, ഇവയെല്ലാം ഉയർന്നു കൊണ്ടിരിക്കുന്നു. സ്ത്രീകൾക്കെതിരായ അക്രമ




സോഷ്യൽ ആക്ടിവിസ്റ്റ് അഡ്വ. ഫ്ളാവിയ ആഗ്നസ് വനിതമീറ്റിൽ പ്രസംഗിക്കുന്നു.

ങ്ങൾ തടയുന്ന കാര്യത്തിൽ ലോകത്തിൽ ഏറ്റവും പിറകിലാണ് ഇന്ത്യ. വിദ്യാഭ്യാസവും തൊഴിലും ഉണ്ടെങ്കിലും നിയമങ്ങൾ പാസ്സാക്കുന്നതോടെ കാര്യങ്ങൾ മാറുന്നതാണ് നമ്മുടെ നിയമം. പക്ഷേ, ഇത്തരം അവസ്ഥക്ക് മാറ്റമൊന്നും സംഭവിക്കുന്നില്ലെന്നും ആഗ്നസ് പറഞ്ഞു.

താഴെ തട്ടിൽ പ്രവർത്തിക്കണമെന്നാണ് എന്റെ അഭിപ്രായം. 1990 മുതൽ ഞങ്ങൾ ബോംബെയിൽ പ്രവർത്തിക്കുന്നു. സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിനുള്ള സഹായങ്ങൾ, പ്രശ്നങ്ങൾ ഏറ്റെടുത്ത് ഇരകൾക്ക് സഹായം നൽകുക, ക്രിമിനൽ വക്കീൽമാരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയവയാണ് നമ്മുടെ ആവശ്യം. ഇരകൾ താഴെ വിഭാഗത്തിലുള്ളവരാകുമ്പോൾ മാധ്യമ ശ്രദ്ധ ലഭിക്കുന്നില്ല. പ്രതി താഴ്ന്ന ജാതിക്കാരനും ഇര മുതിർന്ന ജാതിക്കാരനാവുകയും ചെയ്യുമ്പോഴാണ് മാധ്യമ ശ്രദ്ധ ലഭിക്കുന്നത്. പെൺകുട്ടികൾക്ക് നിയമ വിദ്യാഭ്യാസം ആവശ്യമാണ് സിനിമയിൽ കാണുന്നതുപോലെയുള്ളതല്ല കോടതി നടപടി ക്രമങ്ങളെന്നും കോടതി നടപടികൾ ശരിയായ വിധത്തിൽ പഠിപ്പിക്കണമെന്നും അവർ പറഞ്ഞു.

# വ്യക്തികൾ സ്വയം മാറണം:
## ഡോ. അദീല അബ്ദുല്ല (ഐ.എ.എസ്.)

ദേശീയ ശരാശരിയുടെ എത്രയോ മീതെയാണ് കേരളത്തിന്റെ സ്ഥാനം. പ്രൊഫഷണൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്ന പെൺകുട്ടികൾ ധാരാളം ഉണ്ടെന്നും ഡോ. അദീല അബ്ദുല്ല പറഞ്ഞു. മുസ്‌ലിം സ്ത്രീകൾ ധാരാളമായി മുന്നോട്ടു വരുന്നുണ്ടെങ്കിലും ഉയർന്ന തൊഴിൽ മേഖലകളിൽ എത്തുന്നവർ ചുരുക്കമാണ്.

വ്യക്തിയെ പൂർണ വികാസത്തിലേക്ക് നയിക്കുന്ന വിദ്യാഭ്യാസമാണ് നമുക്കാവശ്യം. കേരളത്തിലേക്ക് പുറമേ എല്ലാം ഭംഗിയുള്ളതാണെങ്കിലും അടിത്തട്ട് പ്രശ്നഭരിതമാണ്. ബിരുദം നേടുന്നവർക്ക് യഥാർത്ഥമായ കഴിവുകൾ ലഭിക്കുന്നില്ല. അതിനാലാണ് അഡീഷണൽ സ്കിൽസ് നേടുന്നതിനുള്ള പദ്ധതികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുള്ളത്. എം.ഇ.എസ്സിന്റെ സ്ഥാപനങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളും വിവിധ മേഖലകളിൽ വൈദഗ്ദ്യം നേടുന്നതിനുള്ള അവസരം ഒരുക്കണം. മാറ്റങ്ങൾ ഉണ്ടാവേണ്ടത് അകത്തു നിന്നാണ്. വ്യക്തികൾ സ്വയം മാറുന്നില്ലെങ്കിൽ നിയമം നമ്മെ മാറ്റുകയില്ലെന്നും ഡോ. അദീല അബ്ദുല്ല പറഞ്ഞു. സൊലസ് സ്ഥാപക ഷീബ അമീറ പ്രസംഗിച്ചു.

എം.ഇ.എസ്. ഗോൾഡൻ ജൂബിലി സമാപന സമ്മേളനത്തിന്റെ ഭാഗമായി ഫാത്തിമ ഗഫൂർ നഗറിൽ നടന്ന വനിതാസമ്മേളനത്തിൽ പ്രൊഫ. വി.യു. അമീറ സ്വാഗതം പറഞ്ഞു. സോഷ്യൽ വെൽഫയർ ബോർഡ് ചെയർപേഴ്സൺ ഖമറുന്നിസ അൻവർ അദ്ധ്യക്ഷം വഹിച്ചു. കേരള വനിതാ കമ്മീഷൻ ചെയർപേഴ്സൺ റോസക്കുട്ടിടീച്ചർ ഉദ്ഘാടനം ചെയ്തു. സാമൂഹിക പ്രവർത്തക മേധാ പട്ക്കർ മുഖ്യ പ്രഭാഷണം നടത്തി. ടീസ്റ്റ സെറ്റിൽവാദ്, ഫ്ലാവിയ ആഗ്നസ്, ഉസ്മ നഹീദ്, ഡോ. ജമീല ഇബ്രാഹിം, ഡോ. അദീല അബ്ദുല്ല ഐ.എ.എസ്. തുടങ്ങിയവർ പങ്കെടുത്തു. മുംതാസ് അബ്ദുള്ള നന്ദി പ്രകാശിപ്പിച്ചു. മികച്ച സംഘാടനത്തിനുള്ള എം.ഇ.എസ്. ഉപഹാരം വനിതാ മീറ്റ് കൺവീനർ വി.യു. അമീറക്ക് പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ സമ്മാനിച്ചു.




കണ്ണൂർ സബ്കലക്ടർ അദീല അബ്ദുള്ള (ഐ.എ.എസ്.) വനിത മീറ്റിൽ പ്രസംഗിക്കുന്നു.

# അനീതിക്കെതിരെ പോരാടൻ സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തണം
## മേധാപട്കർ




പരിസ്ഥിതി പ്രവർത്തക മേധാപട്കർ വനിത മീറ്റിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുന്നു

Not only colourful but powerful also സ്ത്രീകൾ നേരത്തെ തന്നെ ശാക്തീകരിക്കപ്പെട്ടു കഴിഞ്ഞുവെന്നും വനിതാ നേതൃത്വം രാജ്യത്തിനു നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ അംഗീകരിക്കപ്പെടുകയും സ്ത്രീകൾ സ്വയം ശക്തി സംഭരിക്കുകയും ചെയ്യണമെന്നും പരിസ്ഥിതി പ്രവർത്തക മേധാപട്കർ പറഞ്ഞു. സകല വസ്തുക്കളും ചരക്കുകളാക്കുകയും വിൽക്കപ്പെടുകയും ചെയുന്നത് സ്ത്രീകളുടെ വികസന സങ്കൽപത്തിനെതിരാണ്. സ്ത്രീക്ക് തന്റെ ഗർഭപാത്രവുമായുള്ള ബന്ധമാണ് പ്രകൃതിയുടെയും വിഭവങ്ങളായിട്ടുള്ളത്. പരമാധികാര ഇന്ത്യ ഇന്ന് എവിടെയാണുള്ളത്. ഇന്ത്യയെ നാം വില്പ്പനക്കുവെച്ചിരിക്കുകയാണ്. അമേരിക്കൻ പ്രസിഡന്റ് ഒബാമയും സന്നാഹങ്ങളുമാണ് ഇന്ത്യയുടെ റിപ്പബ്ലിക് ദിനം ആഘോഷിക്കാൻ വരുന്നത്.

ഇന്ത്യയെ വിൽക്കാനുള്ള നീക്കത്തിനെതിരെ സ്ത്രീകൾ രംഗത്തു വരണം. കോർപ്പറേറ്റ് ശക്തികളെ സംഘടിപ്പിച്ച് 99% ത്തിന്റെ വിഭവങ്ങൾ കൊള്ളയടിക്കപ്പെടുകയാണ്. പല തലങ്ങളിൽ രാജ്യത്തെ തിരിച്ചുകൊണ്ടിരിക്കുകയാണ് അവർ. ദാരിദ്ര്യരേഖയല്ല, സമ്പന്ന രേഖയാണ് നമുക്ക് വേണ്ടത്. ആന്തരിക മൂല്ല്യമായിരിക്കേണ്ട മതം മനുഷ്യരെ വിഭജിക്കുന്നതിനുള്ള ആയുധമായിരിക്കുകയാണ്. ദലിതർ, ന്യൂനപക്ഷങ്ങൾ, ആദിവാസികൾ, സ്ത്രീകൾ തുടങ്ങിയവരാണ് വെല്ലുവിളികൾ നേരിടുന്നത്. 93% തൊഴിലാളികൾ അസംഘടിതരാണ്. സമ്പന്നർ ഈ അസംഘടിതരെ ആശ്രയിച്ചാണ് ജീവിക്കുന്നത്. രാഷ്ട്രീയക്കാരുടെ കപട വാഗ്ദാനങ്ങൾ തിരിച്ചറിയണം. ജാതിഅധിഷ്ഠിത അസമത്വങ്ങൾ സ്ത്രീകളെ പല മേഖലകളിൽ നിന്നും തടയുന്നു. സ്ത്രീകൾ കൂടുതൽ സഹന ശക്തി ഉള്ളവരായതുകൊണ്ടാണ് ആത്മഹത്യ ചെയ്യാത്തത്. സ്ത്രീകളുടെ അഭിമാനം സംരക്ഷിക്കുന്നതിനു വേണ്ടിയാണ് തങ്ങൾ കലാപമുണ്ടാക്കുന്നതെന്ന് കലാപസംഘടനകൾ അവകാശപ്പെടുന്നു. എന്നാൽ ഈ അവകാശ വാദത്തിനെതിരെയുള്ള പ്രവർത്തനങ്ങളാണ് എല്ലാ സമുദായങ്ങളും നടത്തുന്നത്. മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ശക്തമായി രംഗത്തിറങ്ങുവാൻ നാം തയ്യാറാകണം. പൂനെയിലും പെഷാവറിലും പാരീസിലും നടന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ ലോകം എങ്ങോട്ടാണ് നീങ്ങുന്നതെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ നാം തയ്യാറാണോ എന്നതാണ് പ്രസക്തമായ ചോദ്യം. ജാതി-മത-വംശ വിവേചനങ്ങൾക്കെതിരെ നിലകൊള്ളാൻ നമുക്ക് സാധിക്കണം. ഗാന്ധിജിയും സുഭാഷ് ചന്ദ്രബോസും ഭഗത് സിംഗും നിലകൊണ്ടത് ഈ മൂല്ല്യങ്ങൾക്കുവേണ്ടിയാണ്. അക്രമ രഹിത മതേതര സമൂഹം കെട്ടിപ്പടുക്കുകയാണ് നാം വേണ്ടത്. കോർപ്പറേറ്റുകൾ ജനങ്ങളെ വിഭജിക്കുവാനാണ് ശ്രമിക്കുന്നത്. ഒരു മതത്തിലെയും മൗലിക വാദത്തെ നമുക്ക് സഹിക്കുവാനാകില്ല. അയോധ്യാ സംഭവങ്ങൾ പോലെ അപകടകരമാണ് ഘർവാപസി. ഒറ്റപ്പെട്ട സംഭവങ്ങളല്ല ഇത്. വിദ്വേഷ പ്രചാരണം എല്ലാ തലങ്ങളിലും നടന്നു കൊണ്ടിരി

ക്കുന്നു. മതനിരപേക്ഷ അജണ്ട നമുക്ക് നഷ്ടപ്പെടുന്നു. വിശപ്പ് തൊഴിൽ തുടങ്ങിയ അടിസ്ഥാന പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിക്കുകയാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ തല്പരകക്ഷികൾ ഉന്നം വെക്കുന്നത്. എല്ലാ തരം അതിക്രമങ്ങൾക്കെതിരെയും നില കൊള്ളാൻ നാം എല്ലാവരും തയ്യാറാവണം.

നിയമ പോരാട്ടം എളുപ്പമല്ല. പ്രതികളായ വാദികളാണ് കോടതികളിൽ പ്രയാസപ്പെടേണ്ടി വരുന്നത്. സോഷ്യൽ മീഡിയ ഉപയോഗിച്ച് അനീതികൾക്കെതിരെ പൊരുതാൻ യുവതലമുറ മുന്നോട്ടു വരണം. എവിടെ അനീതി കണ്ടാലും അതിനെതിരെ പ്രതികരിക്കാൻ തങ്ങളുടെ കൈയിലുള്ള മൊബൈൽ ഫോൺ ഉപയോഗിക്കണമെന്നും മേധാപട്കർ പറഞ്ഞു. മികച്ച പരിസ്ഥിതി പ്രവർത്തനത്തിനുള്ള എം.ഇ.എസ്. ദേശീയ പുരസ്കാരം മേധാപട്കറിന് പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ സമ്മാനിച്ചു.

# സ്ത്രീകളെ അവഗണിച്ചു മുന്നോട്ടു പോകാനാകില്ല

## ഉസ്മ നഹീദ

**ന**മുക്ക് ഇസ്‌ലാമിനെ ശരിയായി പ്രതിധാനം ചെയ്യാൻ സാധിക്കുന്നുണ്ടോ? ഇസ്‌ലാം എന്താണെന്ന് മനസ്സിലാക്കികൊടുക്കാൻ നമുക്കാവുന്നുണ്ടോ? ജനസംഖ്യയുടെ പകുതി വരുന്ന സ്ത്രീകളെ അവഗണിച്ചുകൊണ്ട് ഒരു സമൂഹത്തിനും മുന്നോട്ട് പോവാനാവില്ലെന്ന് മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് വനിത അംഗം ഉസ്മ നഹീദ പറഞ്ഞു. റോമൻ സമൂഹത്തിൽ സ്ത്രീകൾക്ക് ഭർത്താക്കന്മാരെ സ്വയം തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഇസ്‌ലാം ഈ സ്ഥിതിക്ക് മാറ്റം വരുത്തി.

ബഹുഭാര്യത്വം, സ്ത്രീധനം, അനന്തരാവകാശം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾക്ക് മുസ്‌ലിം സ്ത്രീകൾ ഇരകളാക്കപ്പെടുന്നു. നാം ഇസ്ലാമിനെ ശരിയായ രീതിയിൽ പ്രതിനിധീകരിക്കുന്നില്ലെങ്കിൽ മറ്റാരെങ്കിലും തെറ്റായ രീതിയിൽ പ്രതിനിധീകരിക്കും. ഖുർആന്റെ വീക്ഷണത്തിൽ പുരുഷന്മാർ സ്ത്രീകളുടെ സംരക്ഷകരാണ്. ഒരു സ്ത്രീ നബിയെ സമീപിച്ചു തനിക്കു വീട്ടിലിരുന്ന് ഇദ്ദ പറ്റില്ല എന്നു പറഞ്ഞു. സാഹചര്യം പരിഗണിച്ച് നബി ആ സ്ത്രീയുടെ ആവശ്യം അംഗീകരിച്ചു. മുഖം മൂടുന്ന പർദ്ദ ഇസ്‌ലാം അനുശാസിക്കുന്നില്ല. കറുത്ത പർദ്ദയും മതം അനുശാസിക്കുന്നതല്ല. എല്ലാവരുമായും ഉത്തമ ബന്ധം സ്ഥാപിക്കാൻ ഖുർആൻ മുസ്‌ലിംകളോടൊവശ്യപ്പെടുന്നുവെന്നും പേഴ്സണൽ ലോ ബോർഡ് വനിതാ അംഗം ഉസ്മാ നഹീദ പറഞ്ഞു.

വിവാഹം കഴിക്കുമ്പോൾ സ്ത്രീക്ക് വിവാഹമൂല്യം നൽകണമെന്നു ഖുർആൻ അനുശാസിക്കുന്നു. മഹർ എന്താണ് വേണ്ടതെന്ന് പെൺകുട്ടിയാണ് നിശ്ചയിക്കേണ്ടത്. ഇസ്‌ലാമിക നിയമം പെൺകുട്ടികൾ അറിയണം. വൈവാഹിക ബന്ധത്തിലെ പ്രശ്നങ്ങൾ ഇരു കക്ഷികളും ഇരുന്ന് രമ്യമായി പരിഹരിക്കണം. വിവാഹ സമയത്ത് പെൺകുട്ടി തന്റെ നിബന്ധനകൾ വ്യക്തമാക്കണം. ഇസ്‌ലാമിനെ ശരിയായ വിധം മനസ്സിലാക്കാൻ മുസ്‌ലിം പെൺകുട്ടികൾ തയ്യാറാവണം. ബഹുസ്വര സമൂഹത്തിൽ എങ്ങനെ പെരുമാണമെന്ന് പെൺകുട്ടികളെ പരിശീലിപ്പിക്കണം. എന്നാൽ സ്ത്രീകൾക്ക് മുഫ്തിമാരും മുഫസ്സിറുകളും മുഹദ്ദിസുകളുമാവാൻ സാധിക്കും.

സാമ്പത്തികമായി ഉയർന്ന സ്ഥിതിയിലായിട്ട്




മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് വനിതാ അംഗം ഉസ്മ നഹീദ വനിത മീറ്റിൽ പ്രസംഗിക്കുന്നു

ഉയർന്ന വിദ്യാഭ്യാസം നേടാൻ മുസ്‌ലിം പെൺ കുട്ടികൾ പലപ്പോഴും തയ്യാറാവുന്നില്ല. കോടതി മുറികളിൽ കാണുന്നത് പരിഹാസ്യമായ മുസ്ലിം പ്രതിനിതാനമാണ്. മുസ്ലിം സ്ത്രീകളുടെ പിന്നാക്കാവസ്ഥക്ക് കാരണം മുസ്ലിംകൾ തന്നെയാണ്. പുറത്തുള്ളവർക്ക് അതിൽ പങ്കില്ല. തൊഴിൽ വൈദഗ്ദ്യം നേടുന്ന സ്ത്രീകൾ തങ്ങളുടെ മേഖലകളിൽ പ്രവർത്തിക്കുവാൻ തയ്യാറാവുന്നില്ല. സ്ത്രീകളുടെ അടിസ്ഥാന പ്രശ്നം വസ്ത്ര ധാരണമോ വിവാഹ മോചനമോ അല്ല. പൗരബോധമുള്ള ഉത്തമ വനിതകളാവുകയാണ് നാം വേണ്ടത്. നമ്മുടെ ഉള്ളിൽ നിന്നു തന്നെയുള്ള വെളിച്ചമാണ് നമ്മെ നയിക്കേണ്ടതെന്നും ഉസ്മ നഹീദ പറഞ്ഞു.

## ഗോൾഡൻ ജൂബിലി സമാപനത്തോടനുബന്ധിച്ച് 2015 ജനവരി 22ന് ഫാത്തിമ ഗഫൂർ നഗറിൽ നടന്ന വനിത സമ്മേളനത്തിൽ പങ്കെടുത്ത പ്രമുഖ വ്യക്തിത്വങ്ങൾ




പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ പ്രസംഗിക്കുന്നു



വനിത സമ്മേളനത്തിന്റെ നിറഞ്ഞ സദസ്സ്



വനിത മീറ്റ് കൺവീനർ വി.യു. അമീറയ്ക്ക് ഡോ. പി.എ. ഫസൽ ഗഫൂർ ഉപഹാരം നൽകുന്നു.




അസാപ് ചെയർമാൻ
ഡോ. ജമീല ഇബ്രാഹിം
പ്രസംഗിക്കുന്നു.




സൊലസ് സ്ഥാപക
ഷീബഅമീറ പ്രസംഗിക്കുന്നു




മുംതാസ് അബ്ദുല്ല
നന്ദി പ്രസംഗം
നിർവ്വഹിക്കുന്നു




കേരള സോഷ്യൽ
വെൽഫെയർ ബോർഡ്
ചെയർപേഴ്സൺ
ഖമറുന്നീസ അൻവർ
വനിത മീറ്റിൽ
അദ്ധ്യക്ഷ പ്രസംഗം
നിർവഹിക്കുന്നു.

# യുവത്വവും കലയും സംഗമിച്ച് യുവജന സമ്മേളനം
# വിദ്യാർത്ഥി സമൂഹം മാതൃകയാകേണ്ടവരും, പ്രശംസ നേടേണ്ടവരും; മന്ത്രി. യു.ടി. ഖാദർ

**കോഴിക്കോട് :** ഈ സംസ്ഥാനത്തിലെയും മുഴുവൻ ലോകത്തിലെയും ജനങ്ങൾക്ക് മാതൃകയാവേണ്ടവരാണ് എം.ഇ.എസ്സിലെ വിദ്യാർത്ഥികളെന്ന് കർണ്ണാടക ആരോഗ്യ കുടുംബക്ഷേമ മന്ത്രി യു.ടി.ഖാദർ പറഞ്ഞു. എം.ഇ.എസ്. ഗോൾഡൻ ജൂബിലിയോടനുബന്ധിച്ചു നടന്ന യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വന്തം വീട്ടുകാരോ നാട്ടുകാരോ മാത്രമല്ല ലോകം ഒന്നടങ്കം പ്രശംസിക്കുകയും ആദരിക്കുകയും ചെയ്യേണ്ടവരാണ് എം.ഇ.എസ്സിലെ വിദ്യാർത്ഥികളെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. അതുപോലെ തന്നെ അഴിമതിയിലും ദുർഭരണത്തിലും ഇന്ത്യ മുന്നിൽ തന്നെയാണ് എന്നതാണ് വേദനിപ്പിക്കുന്ന കാര്യം. വിദ്യാഭ്യാസമുള്ള ഇത്രയേറെ പേർ ഉണ്ടായിട്ടും എന്തുകൊണ്ട് ഇത്തരത്തിലുള്ള അക്രമവും അഴിമതിയും ഉണ്ടാവുന്നു എന്നത് ചർച്ച ചെയ്യേണ്ട വിഷയമാണെന്നും അദ്ദേഹം പറഞ്ഞു. ഇത്തരത്തിലുള്ള സാഹചര്യത്തിൽ ഇത്രയേറെ മികച്ച പ്രകടനം വിദ്യാഭ്യാസ രംഗത്ത് നടത്താൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്ത എം.ഇ.എസ്സിന്റെ മുഴുവൻ പ്രവർത്തകരെയും അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. ഈ സാഹചര്യത്തിൽ ഏവർക്കും നൽകാനുള്ള ഒരു സന്ദേശം അസുഖം ബാധിച്ച് പ്രയാസമനുഭവിക്കുന്ന നമുക്ക് ചുറ്റുമുള്ളവരെ സഹായിക്കാൻ ശ്രമിക്കുക എന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എം.ഇ.എസ്. യൂത്ത്വിംഗ് സംസ്ഥാന പ്രസിഡന്റ് ഡോ. ഫിറോസ് മുഹമ്മദ് അദ്ധ്യക്ഷം വഹിച്ചു. കലാപരിപാടികളുടെ ഉദ്ഘാടനം പ്രശസ്ത സിനിമാ താരം കൈലാഷ് നിർവഹിച്ചു. സിനിമാ താരം സുരഭി, സംവിധായകൻ ഷാജി അസീസ്, ഡോ. റഹീം ഫസൽ ഗഫൂർ എന്നിവർ പ്രസംഗിച്ചു. പ്രൊഫ. ഷാജിദ് സ്വാഗതവും, പി.കെ. മുഹമ്മദ് ഷമീർ നന്ദിയും പറഞ്ഞു.

സംസ്ഥാനത്തെ എം.ഇ.എസ്. കോളേജുകളിലെയും, പ്രൊഫഷണൽ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥികൾ പങ്കെടുത്ത കലാമത്സരവും നടന്നു. രാവിലെ 10.30–ന് ആരംഭിച്ച കലാമത്സരങ്ങൾ രാത്രി 11 മണിയോടുകൂടി സമാപിച്ചു. മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി വിജയിച്ചത് മമ്പാട് എം.ഇ.എസ്. കോളേജും, രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം എം.ഇ.എസ്. പൊന്നാനി കോളേജും പെരിന്തൽമണ്ണ എം.ഇ.എസ്. നഴ്സിംഗ് കോളേജും കരസ്ഥമാക്കി.



യുവജന സമ്മേളന വേദിയിൽ എത്തിയ കർണാടക മന്ത്രി യു.ടി ഖാദറിനെ ഡോ. ഫസൽ ഗഫൂർ സ്വീകരിക്കുന്നു.

# എം.ഇ.എസ്. യൂത്ത് ഫെസ്റ്റ് മമ്പാട് കോളേജ് ജേതാക്കൾ

**കോഴിക്കോട്:** എം.ഇ.എസ്. ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ സമാപന പരിപാടിയുടെ ഭാഗമായി എം.ഇ.എസ്. യൂത്ത് വിംഗ് സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച എം.ഇ.എസ്. യൂത്ത് ആർട്സ് ഫെസ്റ്റിൽ മമ്പാട് എം.ഇ.എസ്. കോളേജ് ജേതാക്കളായി. കേരളത്തിലെ 30 എം.ഇ.എസ്. കോളേജുകൾ പങ്കെടുത്ത ആർട്സ് ഫെസ്റ്റിൽ സിനി ആർടിസ്റ്റ് കൈലാഷ്, സുരഭി, സംവിധായകൻ ഷാജി അസീസ് എന്നിവർ അതിഥികളായിരുന്നു. എം.ഇ.എസ്. യൂത്ത് & കൾച്ചറൽ അഫയേഴ്സ് സ്റ്റാന്റിംഗ് കമ്മിറ്റി 'യുവാക്കളും മൂല്യച്ച്യുതിയും' എന്ന വിഷയത്തിൽ സംസ്ഥാന തലത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ യഥാക്രമം ഒന്ന്, രണ്ട് സ്ഥാനക്കാരായ മുബസ്മില (വളാഞ്ചേരി എം.ഇ.എസ്. കെവീയം കോളേജ്), ലക്ഷ്മി.പി (എം.എസ്.എം. കോളേജ് കായംകുളം), മൂന്നാം സ്ഥാനം പങ്കിട്ട മൂഹമ്മദ് ആഷിഫ്. എം (വെറ്റിനറി & അനിമൽ സയൻസ് കോളേജ്, വയനാട്), വൈശാഖ്. വി. (ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റി, കാലടി) എന്നിവർക്കുള്ള 10000, 5000, 2000 രൂപയുടെ ക്യാഷ് അവാർഡുകളും ട്രോഫികളും യൂത്ത്ഫെസ്റ്റ് വേദിയിൽ വെച്ച് എം.ഇ.എസ്. സംസ്ഥാന പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ വിതരണം ചെയ്തു.

യൂത്ത് ആർട്സ് ഫെസ്റ്റിൽ എം.ഇ.എസ്. പൊന്നാനി കോളേജ് രണ്ടാം സ്ഥാനവും പെരിന്തൽമണ്ണ എം.ഇ.എസ്. നഴ്സിംഗ് കോളേജ് മൂന്നാം സ്ഥാനവും നേടി. എസ്.എം.എസ്. മുജീബ് റഹ്മാൻ ആമുഖ പ്രഭാഷണം നടത്തി. യൂത്ത് വിംഗ് സംസ്ഥാന പ്രസിഡന്റ് ഡോ. ഫിറോസ് മുഹമ്മദ് അദ്ധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ. ഷാജിദ് വളാഞ്ചേരി സ്വാഗതവും ട്രഷറർ പി.കെ. മുഹമ്മദ് ഷമീർ നന്ദിയും പറഞ്ഞു.




യുവജന സമ്മേളന ആർട്സ് ഫെസ്റ്റ് പ്രശസ്ത സിനിമാതാരം കൈലാഷ് ഉദ്ഘാടനം ചെയ്യുന്നു




യൂത്ത്ഫെസ്റ്റ് ഉദ്ഘാടന വേദിയിൽ സന്നിഹിതരായ നേതാക്കളും അഥിതികളും




യൂത്ത് ആർട്സ് ഫെസ്റ്റിൽ സിനി ആർട്ടിസ്റ്റ് സുരഭി പ്രസംഗിക്കുന്നു




യൂത്ത് അഫേഴ്സ് ചെയർമാൻ എസ്.എം.എസ്. മുജീബ് റഹ്മാൻ പ്രസംഗിക്കുന്നു




സിനിമാ സംവിധായകൻ ഷാജി അസീസ് പ്രസംഗിക്കുന്നു




യൂത്ത് വിംഗ് ട്രഷറർ പി.കെ. മുഹമ്മദ് ഷമീർ നന്ദി പ്രസംഗം നിർവ്വഹിക്കുന്നു




ഗോൾഡൻ ജൂബിലി ഓർഗനൈസിംഗ് ജോയിന്റ് കൺവീനർ ടി.എം. സക്കീർ ഹുസൈൻ പ്രസംഗിക്കുന്നു



യൂത്ത്മീറ്റിലെ നിറഞ്ഞ സദസ്സ്




യൂത്ത്മീറ്റിൽ യൂത്ത്‌വിംഗ് ജനറൽ സെക്രട്ടറി പ്രൊഫ. പി.പി. സാജിദ് സ്വാഗത പ്രസംഗം നിർവഹിക്കുന്നു




യൂത്ത്മീറ്റിൽ യൂത്ത്‌വിംഗ് പ്രസിഡന്റ് ഡോ. ഫിറോസ് മുഹമ്മദ് അദ്ധ്യക്ഷ പ്രസംഗം നിർവഹിക്കുന്നു

# കലയുടെ വസന്തവുമായി സി.ബി.എസ്.ഇ. കലോത്സവം

**എം**.ഇ.എസ്. സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള എം.ഇ.എസ്. സി.ബി.എസ്.ഇ. സ്കൂൾ കലോത്സവം കോഴിക്കോട് എം.ഇ.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ ഉദ്ഘാടനം ചെയ്തു. സ്കൂൾ ബോർഡ് ചെയർമാൻ അബ്ദുൽ ഹമീദ് ഐ.പി.എസ്.(റിട്ട) അദ്ധ്യക്ഷം വഹിച്ചു. എം.ഇ.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. കെ.പി. അബൂബക്കർ, എ.മൊയ്തീൻ കുട്ടി, എൻ. അബ്ദുൽ ജബ്ബാർ, കെ. മുഹമ്മദ് ഷാഫി, എം.പി.സി. നാസർ, ആശാ ബൈജു, മുഹമ്മദ് സഹീർ, കെ.എസ്.ബി.എ. തങ്ങൾ, അഡ്വ. എ.പി.എം. നസർ എന്നിവർ പങ്കെടുത്തു.

10ാം ക്ലാസിലും 12ാം ക്ലാസിലും ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. ഇതിനായി പ്രചോദനമായ അദ്ധ്യാപകരെയും അനുമോദിച്ചു. എം.ഇ.എസ്. സ്കൂളുകളിൽ 20 വർഷം, 15, വർഷം, 10 വർഷം എന്നീ നിലകളിൽ നിസ്തുല സേവനം പൂർത്തിയാക്കിയവരെയും അനുമോദിച്ചു. കലയുടെ വസന്തത്തിന് തിരികൊളുത്തി നടന്ന ആട്ടവും, പാട്ടും വിദ്യർത്ഥികളിലും രക്ഷിതാക്കളിലും, അദ്ധ്യാപകരിലും പുത്തനുണർവും സുവർണ ജൂബിലിക്ക് മാറ്റുകൂട്ടുന്നതുമായി. രാത്രിയിൽ നടന്ന ഫെസ്റ്റിന്റെ സമാപന പരിപാടി പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ ഉദ്ഘാടനം ചെയ്തു.

കെ.കെ. അബൂബക്കർ, ഡോ. എൻ.എം. മുജീബ് റഹ്മാൻ, ടി.എം. സക്കീർ ഹുസൈൻ, സി.ടി. സക്കീർ ഹുസൈൻ, പി.കെ. നസീം അലി തുടങ്ങിയവർ പങ്കെടുത്തു. ഫെസ്റ്റിൽ ഓവറോൾ ചാമ്പ്യൻമാരായത് പട്ടാമ്പി ഇന്റർ നാഷണൽ സ്കൂളും, രണ്ടാം സ്ഥാനം തിരൂർ സെൻട്രൽ സ്കൂളും, മൂന്നാം സ്ഥാനം രാജാ റസിഡൻഷ്യൽ സ്കൂൾ ചാത്തമംഗലവുമാണ്.




മുൻ സംസ്ഥാന പ്രസിഡന്റ് കെ.കെ. അബൂബക്കർ കലോത്സവ വിജയികൾക്കുള്ള ട്രോഫി സമ്മാനിക്കുന്നു



എം.ഇ.എസ്. ഗോൾഡൻ ജൂബിലിയോടനുബന്ധിച്ചുള്ള സി.ബി.എസ്.ഇ. ഫെസ്റ്റ് ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ ഉദ്ഘാടനം ചെയ്യുന്നു



എം.ഇ.എസ്. പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ സമാപന പരിപാടി ഉദ്ഘാടനം ചെയ്യുന്നു



ടി.എം. സക്കീർ ഹുസൈൻ ട്രോഫികൾ സമ്മാനിക്കുന്നു.



ചാത്തമംഗലം രാജാസ്കൂൾ സെക്രട്ടറി പി.കെ. നസീം അലി ട്രോഫികൾ സമ്മാനിക്കുന്നു



സംസ്ഥാന സെക്രട്ടറി ഡോ. എൻ.എം. മുജീബ് റഹ്മാൻ വിജയികൾക്കുള്ള ട്രോഫികൾ സമ്മാനിക്കുന്നു



സി.ബി.എസ്.ഇ. മീറ്റ് കൺവീനർ എം.പി.സി. നാസർ ട്രോഫികൾ സമ്മാനിക്കുന്നു



തിരൂർ സെൻട്രൽ സ്കൂൾ ചെയർമാൻ എ. മൊയ്തീൻകുട്ടി ട്രോഫികൾ സമ്മാനിക്കുന്നു



പട്ടാമ്പി സ്കൂൾ സെക്രട്ടറി കെ.എസ്.ബി.എ. തങ്ങൾ പ്രസംഗിക്കുന്നു



ഓവറോൾ കിരീടം കരസ്ഥമാക്കി വിജയികളായ പട്ടാമ്പി സ്കൂൾ ടീം ഡോ. പി.എ. ഫസൽ ഗഫൂറിനൊപ്പം



സി.ബി.എസ്.സി. ഫെസ്റ്റിലെ നിറഞ്ഞ സദസ്സ്




സി.ബി.എസ്.ഇ. ബോർഡ് ചെയർമാൻ എം. അബ്ദുൽ ഹമീദ് ഐ.പി.എസ്. (റിട്ട) വിജയികൾക്കുള്ള ട്രോഫി സമ്മാനിക്കുന്നു

## വർണ്ണങ്ങൾ വിതറി എം.ഇ.എസ്. ജീവനക്കാരുടെ സംഗമം

**പി.കെ. അബ്ദുല്ല നഗർ**

# അദ്ധ്യാപകരാണ് വിദ്യാഭ്യാസ സംവിധാനത്തിന്റെ പ്രധാന പങ്കാളികൾ:

## ഡോ.ജി.എൻ.ഖാസി

**എം.**ഇ.എസ്. ഗോൾഡൻ ജൂബിലി സമാപന ആഘോഷങ്ങളുടെ രണ്ടാം ദിനമായ ജനവരി 23ന് മുസ്ലിം എഡ്യൂക്കേഷൻ സൊസൈറ്റി പ്രവർത്തകരുടെയും ജീവനക്കാരുടെയും സാന്നിദ്ധ്യം ശ്രദ്ധേയമായി. എം.ഇ.എസ്സിലെ ആയിരകണക്കിന് ജീവനക്കാർ എല്ലാം മറന്ന് ഒത്തുകൂടിയത് സമ്മേളന ന




ജാമിയഹംദർദ് സർവകലാശാല വൈസ് ചാൻസലർ ഡോ. ജി.എൻ. ഖാസി എം.ഇ.എസ്. ജീവനക്കാരുടെ സംഗമം ഉദ്ഘാടനം ചെയ്യുന്നു

ഗരിയെ വീർപ്പുമുട്ടിച്ചു. വിവിധ വേഷവും കൂട്ടായ്മയും സംഗമത്തിന് കൊഴുപ്പ്കൂട്ടി എല്ലാവരും എം.ഇ.എസ്. കൊടികീഴിൽ ഒന്നാണെന്ന കാഹളം മുഴക്കിയ ജീവനക്കാരുടെ സംഗമം എം.ഇ.എസ്. ഉയർത്തുന്ന മതമൈത്രി സംഗമം കൂടിയായി മാറുകയുണ്ടായി. ഹംദർദ് സർവകലാശാല വൈസ് ചാൻസലർ ഡോ.ജി.എൻ.ഖാസി എം.ഇ.എസ്. സ്റ്റാഫ് മീറ്റ് ഉദ്ഘാടനം ചെയ്തു. അദ്ധ്യപകരാണ് വിദ്യാഭ്യാസ സംവിധാനത്തിന്റെ പ്രധാന പങ്കാളികളെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസം ശക്തിപ്പെടുത്തുക എന്നത് തങ്ങളുടെ ചുമതലയല്ലെന്നാണ് അധികാരത്തിലിരിക്കുന്നവരുടെ ചിന്താഗതിയെന്നും വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ സംരഭകരുടെ സേവനം പ്രധാനമർഹിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.അദ്ധ്യാപനത്തോടുള്ള പ്രതിബദ്ധതയും അഭിരുചിയും അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. കാര്യക്ഷമതയാവണം അദ്ധ്യാപക നിയമനത്തിനുള്ള മാനദണ്ഡമെന്നും മികച്ച അദ്ധ്യാപകരെ സ്ഥാപനങ്ങളിലേക്ക് ആകർഷിക്കാൻ സാധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗവേഷണ രംഗത്തേക്ക് യുവാക്കളെകൊണ്ടുവരാൻ ശ്രമിക്കണം. ഗവേഷണത്തെയും വികസനത്തെയും വേർതിരിച്ച് കാണാൻ സാധിക്കില്ലെന്നും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സർഗാത്മകവും പ്രചോദനമുള്ളതാവണമെന്നും അദ്ദേഹം പറഞ്ഞു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുസ്‌ലിം എജ്യുക്കേഷണൽ സൊസൈറ്റിയുടെ നേട്ടത്തിന് കാരണം ഇവിടെ എത്തിയിരിക്കുന്ന എം.ഇ.എസ്സിന്റെ പ്രവർത്തകരും ജീവനക്കാരുമാണെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ എം.ഇ.എസ്. ജനറൽ സെക്രട്ടറി പ്രൊഫ.പി.ഒ.ജെ.ലബ്ബ പറഞ്ഞു.

മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായി മികച്ച നേട്ടത്തിലൂടെ ചരിത്രത്തിൽ ഇടം പിടിക്കാൻ എം.ഇ.എസ്സിന് സാധിച്ചിട്ടുണ്ടെന്ന് ഇസ്ലാമിക് ഡെവലപ്പ്മെന്റ് ബാങ്ക് പ്രതിനിധിയും ആന്ധ്ര പ്രദേശ് മൈനോരിറ്റി എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ ജനറൽ സെക്രട്ടറിയുമായ സഫർ ജാവദ് പറഞ്ഞു. വിദ്യാഭ്യാസത്തിലെ ഗുണമേന്മയാണ് എം.ഇ.എസ്സിന്റെ വിജയത്തിന് കാരണമെന്നും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എം.ഇ.എസ്. പ്രചോദനമാവണമെന്നും അദ്ദേഹം പറഞ്ഞു.



ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ ജീവനക്കാരുടെ സംഗമത്തിൽ അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിക്കുന്നു



സി.ബി.എസ്.ഇ. ബോർഡ് ചെയർമാൻ എം. അബ്ദുൽ ഹമീദ് (IPS Retd.) ജീവനക്കാരുടെ സംഗമത്തിൽ സ്വാഗതപ്രസംഗം നിർവഹിക്കുന്നു



പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ ജീവനക്കാരുടെ സംഗമത്തിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുന്നു



അസ്മാബി കോളേജ് പ്രിൻസിപ്പൽ ഡോ. അജീംസ് പി. മുഹമ്മദിന് ഡോ. പി.എ. ഫസൽ ഗഫൂർ ഉപഹാരം സമ്മാനിക്കുന്നു

# കലാലയ രാഷ്ട്രീയം മതേതരത്വം വളർത്തും

## ഡോ. പി. എ. ഫസൽ ഗഫൂർ

**കേ**രളത്തിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥി രാഷ്ട്രീയം എടുത്ത് മാറ്റിയത് തെറ്റായിപ്പോയെന്ന് എം.ഇ.എസ്. പ്രസിഡന്റ് ഡോ.പി.എ. ഫസൽ ഗഫൂർ പറഞ്ഞു. രാഷ്ട്രീയം ഇല്ലാതായാൽ വിദ്യാർത്ഥികൾ അരാഷ്ട്രീയത്തിന്റെ ഉൽപ്പന്നങ്ങളായ തീവ്രവാദത്തിലേക്കും മതമൗലിക വാദത്തിലേക്കും തിരിയുമെന്നും അദ്ദേഹം പറഞ്ഞു. മത സംഘടനകളും തീവ്രവാദി സംഘടനകളും വളരുന്നതിലും നല്ലത് രാഷ്ട്രീയം വളരുന്നതാണെന്നും മതേതരത്വം കാത്ത് സൂക്ഷിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കാൻ രാഷ്ട്രീയ പ്രവർത്തനത്തിന് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എം.ഇ.എസ്. ഗോൾഡൻ ജൂബിലി സമാപന ആഘോഷത്തിന്റെ ഭാഗമായി നടന്ന ജീവനക്കാരുടെ സംഗമത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മതമൗലികവാദം വെച്ച് പുലർത്തുന്നവർക്ക് എം.ഇ.എസിൽ സ്ഥാനമില്ലെന്നും അദ്ദേഹം പറഞ്ഞു.

എം.ഇ.എസ്. സ്വാശ്രയ കോളേജ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഇ.പി.മോയിൻ കുട്ടി, എയ്ഡഡ് കോളേജ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പ്രൊഫ. കടവനാട് മുഹമ്മദ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പ്രൊഫ. ഒ.പി. അബ്ദുറഹിമാൻ, ഡോ. ഹുസൈൻ രണ്ടത്താണി, സി.ടി.സക്കീർ ഹുസൈൻ, സി.ബീ.എസ.ഇ. ബോർഡ് ചെയർമാൻ എം. അബ്ദുൽ ഹമീദ് സ്വാഗതം പറഞ്ഞു. പി.എ. മുഹമ്മദ് സാലിഹ് നന്ദി പറഞ്ഞു.




ഇസ്‌ലാമിക് ഡവലപ്പ്മെന്റ് ബാങ്ക് പ്രതിനിധി സഫർ ജാവേദ് പ്രസംഗിക്കുന്നു



എം.ഇ.എസ്. ജീവനക്കാരുടെ സംഗമത്തിലെ നിറഞ്ഞ സദസ്സ്



അഡ്മനിസ്ട്രേറ്റീവ് ഓഫീസർ പ്രൊഫ. ഒ.പി. അബ്ദുറഹിമാൻ പ്രസംഗിക്കുന്നു




സെൻട്രൽ കോളേജ് കമ്മിറ്റി ചെയർമാൻ
പ്രൊഫ. കടവനാട് മുഹമ്മദ് പ്രസംഗിക്കുന്നു




സെൽഫ് ഫിനാൻസിംഗ് കോളേജ് കമ്മിറ്റി ചെയർമാൻ
ഇ.പി. മോയിൻകുട്ടി പ്രസംഗിക്കുന്നു




ഡോ. ഹുസൈൻ രണ്ടത്താണി പ്രസംഗിക്കുന്നു




എയിഡഡ് സ്കൂൾ കമ്മിറ്റി ചെയർമാൻ പി.എ. മുഹമ്മദ്
സാലിഹ് നന്ദി പ്രസംഗം നിർവഹിക്കുന്നു



വെള്ളിയാഴ്ച സമ്മേളന നഗരിയിൽ നടന്ന ജുമുഅ നമസകാരത്തിന് ഐ.പി. അബ്ദുൽ സലാം നേതൃത്വം നൽകുന്നു.

# ഫാസിസത്തിനെതിരെ ദേശീയ സെമിനാർ
# സാംസ്കാരിക ദേശീയത ഫാസിസത്തിന്റെ മുഖം;
## ദിഗ്‌വിജയ് സിംഗ്

**കോഴിക്കോട് :** ***കൾച്ചറൽ നാഷണലിസം*** എന്ന വിഷയത്തിൽ നടന്ന സെമിനാർ എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദിഗ്‌വിജയ് സിംഗ് ഉദ്ഘാടനം നിർവ്വഹിച്ചു. ബഹുമത സംസ്കാര ദേശീയതയാണ് ഇന്ത്യയുടെ പ്രത്യേകതയെന്നും സാംസ്കാരിക ദേശീയത എന്ന വാക്ക് ഫാസിസത്തിന്റെ മുഖം മൂടിയാണെന്നും അതുകൊണ്ടു തന്നെ ഇന്ത്യയെപോലൊരു രാജ്യത്ത് സംസ്കാരിക ദേശീയത ആസാധ്യമാണെന്നും അദ്ദേഹം പറഞ്ഞു. ലോകം നേരിടുന്ന മറ്റൊരു വെല്ലുവിളി മതമൗലികവാദമാണ്. ബലം പ്രയോഗിച്ചുള്ള മതം മാറ്റൽ മതതത്വങ്ങൾക്കെതിരാണെന്നും സാമൂഹിക നവോത്ഥാന നേതാക്കളുടെ അഭിപ്രായപ്രകാരം മതം തിരഞ്ഞെടുക്കുന്നതിന് സ്വാതന്ത്ര്യമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭൂരിപക്ഷ വർഗീയത ന്യൂനപക്ഷ വർഗീയതയെക്കാൾ അപകടം നിറഞ്ഞതാണെന്നും, എല്ലാ വർഗീയതയും ഒന്നാണെന്നും അതു കൊണ്ട് ന്യൂനപക്ഷവുമായി സഹകരിക്കുകയാണ് ഭൂരിപക്ഷം ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ഭീകരതക്ക് നിറമില്ല. ചെറിയൊരു വിഭാഗമാണ് ഭീകരതയെ അഴിച്ചു വിടുന്നത്. അതുകൊണ്ട് വർഗീയതയെ ചെറുക്കാൻ കൂട്ടായശ്രമം ആവശ്യമാണെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു.




കോളമിസ്റ്റ് ഒ. അബ്ദുല്ല പ്രസംഗിക്കുന്നു




എറണാകുളം ജില്ല സെക്രട്ടറി വി.എസ്. സെയ്തു മുഹമ്മദ് നന്ദി പ്രസംഗം നിർവഹിക്കുന്നു




ബി.എസ്.പി.യുടെ ജെ. സുധാകരൻ (ഐ.എ.എസ്. റിട്ട) പ്രസംഗിക്കുന്നു




ട്രഷറർ വി. മൊയ്തുട്ടി സാംസ്കാരിക ദേശീയത സെമിനാറിൽ സ്വാഗത പ്രസംഗം നിർവഹിക്കുന്നു

# മതത്തെ വികാരോദ്ദീപനത്തിനായി ഉപയോഗിക്കുമ്പോൾ വൈവിധ്യം തകർക്കപ്പെടുന്നു:

## എ.ബി.മുഹമ്മദ് സലീം എം.പി.

ഇന്നത്തെ സാമൂഹിക സാംസ്കാരിക സാഹചര്യത്തിൽ ഏറെ പ്രസ്ക്തമായ വിഷയമാണ് സാംസ്കാരിക ദേശീയത. ഒരു രാജ്യം, ഒരു മതം, ഒരു ഭാഷ, ഒരു നേതാവ് എന്ന മുദ്രാവാക്യമാണ് ഫാസിസം ഉയർത്തുവാൻ ശ്രമിക്കുന്നത്. ബഹുസ്വര സംസ്കാരത്തെയാണ് ഇത്തരത്തിൽ തള്ളിപ്പറയപ്പെടുന്നത് എന്ന് പശ്ചിമ ബംഗാളിലെ സി.പി.ഐ.എം. ലീഡർ എ.ബി.മുഹമ്മദ് സലീം എം.പി. പറഞ്ഞു.സംസ്കാരത്തെ ഏതെങ്കിലും ഒരു ദേശത്തിലേക്ക് പരിമിതപ്പെടുത്താനാവില്ല. ഭരണ-രാഷ്ട്രീയപരമായി മതത്തെ കൂട്ടിക്കലർത്തുകയാണ് ഫാസിസം ചെയ്യുന്നത്. മതത്തെ ഇത്തരത്തിൽ വികാരോദ്ദീപനത്തിനായി ഉപയോഗിക്കുമ്പോൾ വൈവിധ്യമാണ് തകർക്കപ്പെടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചരിത്രം രചിക്കാൻ കഴിയാത്തവർ ചരിത്രം തിരുത്തിയെഴുതാൻ ശ്രമിക്കുകയാണെന്നും മോദി വികസനത്തിന്റെ വക്താവല്ല മറിച്ച് സംഘപരിവാർ അജണ്ടകൾ നടപ്പാക്കാൻ ശ്രമിക്കുന്ന ഒരു ജോലിക്കാരൻ മാത്രമാണെന്നും ആധുനിക ഇന്ത്യയെ കെട്ടിപ്പടുക്കണമെങ്കിൽ സംഘപരിവാർ മുന്നോട്ടു വെക്കുന്ന സാംസ്കാരിക ദേശീയതയെ ചെറുത്തു തോല്പിക്കണമെന്നും പറഞ്ഞ അദ്ദേഹം മോദി നേതൃത്വത്തിലുള്ള ഭരണരീതിയെ നിശിതമായി വിമർശിച്ചു.

എം.ഇ.എസ്. ട്രഷറർ വി.മൊയ്തുട്ടി സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ഡോ.പി.എ. ഫസൽ ഗഫൂർ അദ്ധ്യക്ഷം വഹിച്ചു. കോളമിസ്റ്റ് ഒ.അബ്ദുള്ള ബി.എസ്.പി. നേതാവ് സുധാകരൻ ഐ.എ.എസ്(റിട്ട), ടി.എം. സക്കീർ ഹുസൈൻ, ഒ.സി. സലാഹുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു. വി.എസ്. സെയ്തു മുഹമ്മദ് നന്ദി പ്രകാശിപ്പിച്ചു.

# സംഗീത നിശ



സുവർണ ജുബിലി സമാപന പരിപാടിയുടെ ഭാഗമായി ജനവരി 23ന് നടന്ന ലൈറ്റ് ആന്റ് സൗണ്ട് മ്യൂസിക്ക് നൈറ്റ് പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ ഓ ദുനിയാക്കെ രഖ്വാലെ എന്ന ഗാനം ആലപിച്ച് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ നയിച്ച ഗാനസംഘവും ഓർക്കസ്ട്രയും നിരവധി പഴയതും പുതിയതുമായ ഗാനങ്ങൾ ആലപിച്ചത് സംഗീത നിശയിൽ കുളിർമഴ ചൊരിഞ്ഞു.

പ്രശസ്ത ഗായകൻമാരായ ഗുലാബ് ജാൻ, നയൻ.ജെ.ഷാ, പ്രഭാകർ റാവു, തെൽഹത്ത്, ഷിബില സദാനന്ദൻ, കീർത്തന, രാധിക റാവു, ഹസീന തുടങ്ങിയവർ ഗാനം ആലപിച്ചു. എന്റർടൈമെന്റ് കമ്മിറ്റി ചെയർമാൻ പ്രൊഫ. എ.എം.പി. ഹംസ, കൺവീനർ കെ. ഹാഷിം എന്നിവർ നേതൃത്വം നൽകി.

സംഗീതനിശ മന്ത്രി ഡോ. എം.കെ. മുനീർ ഓ ദുനിയാകെ രഖ്വാലേ എന്ന ഗാനം ആലപിച്ച് ഉദ്ഘാടനം ചെയ്യുന്നു.

## സംഗീത നിശ



കലാസന്ധ്യയിൽ പ്രസിഡന്റ് ഡോ.പി.എ. ഫസൽ ഗഫൂർ ഗാനമാലപിക്കുന്നു



ഗായകരായ ഗുലാബ്ജാനും, ഹസീനയും ഗാനമാലപിക്കുന്നു



ഗായകൻ നയൻ.ജെ.ഷാ ഗാനമാലപിക്കുന്നു



ഗായകൻ തെൽഹത്ത് ഗാനമാലപിക്കുന്നു



ഗായകൻ പ്രഭാകർറാവു ഗാനമാലപിക്കുന്നു



ഗായിക കീർത്തന ഗാനമാലപിക്കുന്നു



ഗായിക രാധിക റാവു ഗാനമാലപിക്കുന്നു



ഗായിക ഷിബിലാസദാനന്ദൻ ഗാനമാലപിക്കുന്നു

ഡോ. കെ. മുഹമ്മദ്കുട്ടി നഗർ

## സച്ചാർ റിപ്പോർട്ടിനു ശേഷം ഇന്ത്യയിലെ വിദ്യാഭ്യാസ രംഗത്തെ പുരോഗതിയെ വിലയിരുത്തി ദേശീയ വിദ്യാഭ്യാസ സെമിനാർ

# വരും തലമുറക്ക് ഉപകാരപ്രദമായ കോഴ്സുകൾ ആരംഭിക്കണം; പ്രൊഫ. ഡോ. പി.കെ. അബ്ദുൽ അസീസ്

**എം**.ഇ.എസ്. ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ മൂന്നാം ദിനമായ ജനവരി 24ന് ശനിയാഴ്ച സച്ചാർ കമ്മിറ്റി റിപ്പോർട്ടിനു ശേഷം ഇന്ത്യയിലെ മുസ്ലിം സമുദായത്തിൽ വന്ന വിദ്യാഭ്യാസ പുരോഗതിയെ കുറിച്ചുള്ള നേതാക്കളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. ഡോ. പി.കെ. അബ്ദുൽ അസീസ് സൗത്ത് ഇന്ത്യ സെഷൻ ഉദ്ഘാടനം ചെയ്തു. സൗത്ത്, നോർത്ത്, വെസ്റ്റ്, ഈസ്റ്റ് എന്നീ സോണുകളിലായി 4 സെഷനായാണ് സെമിനാറുകൾ നടന്നത്. സ്വതന്ത്ര്യ ഇന്ത്യയിലെ മുസ്ലിം സമുദായത്തിന്റെ പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടെ റിപ്പോർട്ട് സമർപ്പിക്കാനാണ് ജസ്റ്റീസ് രജീന്ദർ സച്ചാറിനെ സർക്കാർ നിയോഗിച്ചത്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച ശേഷം ഒരുപാട് കാര്യങ്ങൾ മുസ്ലിം സമുദായത്തിന് വേണ്ടി ചെയ്തിട്ടുണ്ട്. എന്നാൽ സച്ചാർ കമ്മിറ്റി റിപ്പോർട്ടിന് ശേഷവും സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുസ്ലിം സമുദായത്തിൽ വലിയ പുരോഗതിയൊന്നും ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. പുതിയ തലമുറക്ക് ഉപകാരപ്രദമായ ക്രീയേറ്റീവ് കോഴ്സുകൾ ആരംഭിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. മുസ്ലിം വിദ്യാർത്ഥികൾ സമൂഹത്തിന്റെ മുൻ നിരയിൽ വരാൻ കാരണം എം.ഇ.എസ്. ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. എം.ഇ.എസ്. വൈസ് പ്രസിഡന്റ് ഡോ. കെ.പി. അബൂബക്കർ സ്വാഗതം പറഞ്ഞു.

എം.ഇ.എസ്.ന്യൂനപക്ഷങ്ങൾക്ക് വേണ്ടി മാത്രമല്ല പ്രവർത്തിക്കുന്നതെന്നും കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന സംഘടനയാണ് എം.ഇ.എസ്. എന്നും അധ്യക്ഷ പ്രസംഗത്തിൽ അഖിലേന്ത്യാ എം.ഇ.എസ്. ജനറൽ സെക്രട്ടറി ടി.പി. ഇമ്പിച്ചമ്മദ് പറഞ്ഞു. മുസ്ലിം സമുദായത്തിന്റെ അവസ്ഥ പഴയതിലും ഒരുപാട് മെച്ചപ്പെട്ടിട്ടുണ്ടെന്ന് മൗലാനാ ആസാദ് നാഷണൽ ഉറുദു യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസലർ ഡോ. ഖാജ. എം. ഷാഹിദ് പറഞ്ഞു.പെൺകുട്ടികളുടെ വിദ്യാഭ്യാസം വർദ്ധിച്ചതായും സർക്കാർ സ്ഥാപനങ്ങളിലും നേതൃനിരയിലും ന്യൂനപക്ഷം എത്തിതുടങ്ങിയിട്ടുണ്ടെന്നും മെസ്കോ ഹൈദരബാദ് ചെയർമാൻ ഡോ. ഫക്റു




'സച്ചാർ റിപ്പോർട്ടിനുശേഷം' സൗത്ത് സോൺ സെഷൻ ദേശീയ വിദ്യാഭ്യാസ സെമിനാർ ഡോ. പി.കെ. അബ്ദുൽ അസീസ് ഉദ്ഘാടനം ചെയ്യുന്നു




സൗത്ത് സോൺ സെഷനിൽ ആൾ ഇന്ത്യാ എം.ഇ.എസ്. സെക്രട്ടറി ജനറൽ ടി.പി. ഇമ്പിച്ചമ്മദ് അദ്ധ്യക്ഷ പ്രസംഗം നിർവഹിക്കുന്നു



ബാംഗ്ലൂർ അൽഅമീൻ എഡ്യുക്കേഷനൽ സൊസൈറ്റി ചെയർമാൻ ഡോ. മുംതാസ് അഹമ്മദ് ഖാന് വിദ്യാഭ്യാസ പ്രവർത്തനത്തിനുള്ള എം.ഇ.എസ്. ദേശീയ വിദ്യാഭ്യാസ അവാർഡ് ഡോ. പി.എ. ഫസൽ ഗഫൂർ സമ്മാനിക്കുന്നു

ദ്ദീൻ മുഹമ്മദ് പറഞ്ഞു. ബാഗ്ലൂർ അൽ അമീൻ എഡ്യുക്കേഷനൽ സൊസൈറ്റി ചെയർമാൻ ഡോ.മുംതാസ് അഹമ്മദ് ഖാന് വിദ്യാഭ്യാസ മേഖലയിൽ നൽകിയ സംഭാവനക്കുള്ള എം.ഇ.എസ് ദേശീയ വിദ്യാഭ്യാസ അവാർഡ് നൽകി ആദരിച്ചു. മദ്രാസ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. സാതിക്, സി.ബി.എസ്.ഇ. മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ടി.പി.എം. ഇബ്രാഹീംഖാൻ തുടങ്ങിയവർ പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് എ.ഹബീബ് മുഹമ്മദ് നന്ദി പറഞ്ഞു.

### നോർത്ത് സോൺ സെഷൻ

നോർത്ത് സോൺ സെഷൻ സെമിനാർ കോഴിക്കോട് സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. സെയ്ദ് ഇഖ്ബാൽ ഹസ്നയിൻ ഉദ്ഘാടനം നിർവ്വഹിച്ചു. സൗത്ത് ഏഷ്യയിൽ ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകുന്ന വലിയ സ്ഥാപനമാണ് എം.ഇ.എസ്. എന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. അതുകൊണ്ട് തന്നെ എം.ഇ.എസ്സിനെ ഒരു സർവകലാശാലയായി അംഗീകരിച്ച് പ്രഖ്യാപിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഉത്തർ പ്രദേശ് അൽ ഹഫീസ് എജുക്കേഷണൽ ചെയർമാൻ കലീമുൽ ഹഫീസ് മുഖ്യപ്രഭാഷണം നിർവഹിച്ചു. എം.ഇ.എസ്. വൈസ് പ്രസിഡണ്ട് എ.മുഹമ്മദ് അദ്ധ്യക്ഷം വഹിച്ചു. സെക്രട്ടറിമാരായ എം.അലി സ്വാഗതവും പി.എച്ച്. നജീബ് നന്ദിയും പറഞ്ഞു.

### ഈസ്റ്റ് സോൺ സെഷൻ

ഡൽഹി മൈനോറിറ്റി കമ്മീഷൻ മുൻ ചെയർമാൻ കമാൽ ഫാറൂഖി ഉദ്ഘാടനം ചെയ്തു. മുർഷീദാബാദ് അൽ ഫലാഹ് എജുക്കേഷൻ ചെയർമാൻ




മൗലാനാ ആസാദ് നാഷണൽ ഉറുദു യൂനിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ഖോജാ. എം. സാഹിദ് പ്രസംഗിക്കുന്നു.




ഹൈദരാബാദ് മെസ്കൊ ചെയർമാൻ ഡോ. ഫക്രുദ്ദീൻ പ്രസംഗിക്കുന്നു




മദ്രാസ് യൂനിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ.എസ്. സ്വാതിക്ക് പ്രസംഗിക്കുന്നു




ജമാ അത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി പ്രസംഗിക്കുന്നു

മുഹമ്മദ് ഹാറൂൺ റഷീദ്, ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി.ആരിഫലി തുടങ്ങിയവർ പ്രസംഗിച്ചു. സെൻട്രൽ കോളേജ് കമ്മിറ്റി ചെയർമാൻ പ്രൊഫ. കടവനാട് മുഹമ്മദ് സ്വാഗതം പറഞ്ഞു. സെൽഫ് ഫിനാൻസിംഗ് കോളേജ് കമ്മിറ്റി ചെയർമാൻ ഇ.പി.മോയിൻകുട്ടി അദ്ധ്യക്ഷം വഹിച്ചു. സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാൻ ടി.പി.എം.സജൽ മുഹമ്മദ് നന്ദിയും പറഞ്ഞു.




സി.ബി.എസ്.ഇ. മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ടി.പി.എം. ഇബ്രാഹിം ഖാൻ പ്രസംഗിക്കുന്നു

**വെസ്റ്റ് സോൺ സെഷൻ**

ദേശീയ മൈനോറിറ്റി കമ്മീഷൻ ചെയർമാൻ നസീം അഹമ്മദ് ഐ.എ.എസ് വെസ്റ്റ് സോൺ സെഷൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ന്യൂഡൽഹി മുസ്ലിം എജുക്കേഷനൽ ചെയർമാൻ അമാനുള്ള ഖാൻ തുടങ്ങിയവർ പ്രസംഗിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. വി.കെ. ജമാൽ സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡന്റ് എ.എം.അബൂബക്കർ അദ്ധ്യക്ഷം വഹിച്ചു. കോഴിക്കോട് ജില്ലാസെക്രട്ടറി പി.കെ.അബ്ദുൽ ലത്തീഫ് നന്ദി പറഞ്ഞു.




വൈസ് പ്രസിഡന്റ് ഡോ. കെ.പി. അബൂബക്കർ സൗത്ത് സോൺ സെഷനിൽ സ്വാഗത പ്രസംഗം നിർവഹിക്കുന്നു




സംസ്ഥാന വൈസ് പ്രസിഡന്റ് എ. ഹബീബ് മുഹമ്മദ് നന്ദി പ്രസംഗം നിർവഹിക്കുന്നു



മൂന്നാം ദിനത്തിലെ നിറഞ്ഞ സദസ്സ്




വേദിയിൽ അഥിതികളും നേതാക്കളും



പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ പ്രസംഗിക്കുന്നു



ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ പ്രസംഗിക്കുന്നു



നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റീസ് ചെയർമാൻ നസീം അഹമ്മദ് ഐ.എ.എസ്. വെസ്റ്റ്സോൺ സെഷൻ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു.



ഡൽഹീ മുസ്‌ലിം എഡ്യുക്കേഷണൽ ചെയർമാൻ അമാനുള്ള ഖാൻ വെസ്റ്റ് സോൺ സെമിനാറിൽ പ്രസംഗിക്കുന്നു



സംസ്ഥാന വൈസ് പ്രസിഡന്റ് എ.എം. അബൂബക്കർ വെസ്റ്റ് സോൺ സെമിനാറിൽ അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിക്കുന്നു




വെസ്റ്റ് സോൺ സെമിനാറിൽ സംസ്ഥാന സെക്രട്ടറി ഡോ. വി.കെ. ജമാൽ സ്വാഗത പ്രസംഗം നിർവ്വഹിക്കുന്നു



വെസ്റ്റ് സോൺ സെമിനാറിൽ കോഴിക്കോട് ജില്ല സെക്രട്ടറി പി.കെ. അബ്ദുൽ ലത്തീഫ് നന്ദി പ്രസംഗം നിർവഹിക്കുന്നു




നോർത്ത്സോൺ സെമിനാർ കാലിക്കറ്റ് യൂനിവേഴ്സിറ്റി മുൻവൈസ് ചാൻസലർ ഡോ. സെയ്ദ് ഇക്ബാൽ ഹസ്നയ്ൻ ഉദ്ഘാടനം ചെയ്യുന്നു



ഉത്തർ പ്രദേശ് അൽഹഫീസ് അക്കാദമി ചെയർമാൻ കലീമുൽ ഹഫീസ് നോർത്ത് സോണിൽ പ്രസംഗിക്കുന്നു




നോർത്ത് സോൺ സെഷൻ സെമിനാറിൽ സംസ്ഥാന സീനിയർ വൈസ് പ്രസിഡന്റ് എ. മുഹമ്മദ് അദ്ധ്യക്ഷ പ്രസംഗം നിർവഹിക്കുന്നു



സംസ്ഥാന സെക്രട്ടറി എം. അലി നോർത്ത് സോണിൽ സ്വാഗത പ്രസംഗം നിർവ്വഹിക്കുന്നു



സംസ്ഥാന സെക്രട്ടറി പി.എച്ച്. നജീബ് നോർത്ത് സോണിൽ നന്ദി പ്രസംഗം നിർവഹിക്കുന്നു




ഡൽഹി മൈനോറിറ്റി കമ്മീഷൻ മുൻ ചെയർമാൻ കമാൽ ഫാറൂഖി ഈസ്റ്റ് സോൺ വിദ്യാഭ്യാസ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു




മുർഷിദാബാദ്അൽ ഫലാഹ് മിഷ്യൻ ഡയരക്ടർ മുഹമ്മദ് ഹാറൂൺ റഷീദ് ഈസ്റ്റ് സോൺ വിദ്യാഭ്യാസ സെമിനാറിൽ പ്രസംഗിക്കുന്നു




സെൽഫ് ഫിനാൻസിംഗ് കോളേജ് കമ്മിറ്റി ചെയർമാൻ ഇ.പി. മോയിൻകുട്ടി ഈസ്റ്റ് സോൺ സെമിനാറിൽ അദ്ധ്യക്ഷ പ്രസംഗം നിർവഹിക്കുന്നു




ഈസ്റ്റ് സോൺ സെമിനാറിൽ  പ്രൊഫ. കടവനാട് മുഹമ്മദ് സ്വാഗത പ്രസംഗം നിർവഹിക്കുന്നു




ഈസ്റ്റ് സോൺ സെമിനാറിൽ  സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാൻ ടി.പി.എം. സജൽ മുഹമ്മദ് നന്ദി പ്രസംഗം നിർവഹിക്കുന്നു

# പ്രതിനിധി സമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

## എം. ഇ. എസ്. സ്ഥാപനങ്ങൾ വിദ്യാഭ്യാസ രംഗത്ത് വലിയ സംഭാവനകൾ നൽകി – മുഖ്യമന്ത്രി

**എം**.ഇ.എസ് പ്രതിനിധി സമ്മേളനം ബഹു. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. എം.ഇ.എസിന്റെ പ്രവർത്തനം ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടെന്നും, വിദ്യാഭ്യാസ രംഗത്ത് സാധാരണ ജനങ്ങളെ ഉയർത്തിക്കൊണ്ടു വരുവാൻ എം.ഇ.എസ്സിന് സാധിച്ചെന്നും, എം.ഇ.എസ് സ്ഥാപകൻ ഡോ. അബ്ദുൾ ഗഫൂർ നവോത്ഥാന പ്രസ്ഥാനത്തിന് തുടക്കം കുറിക്കുക വഴി കേരളത്തിലെ പ്രത്യേകിച്ച് മുസ്ലിം സമുദായത്തിലെ സ്ത്രീകളെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടു വരാൻ നേതൃത്വം നൽകിയത് എം.ഇ.എസ്സാണെന്നും അദ്ദേഹം പറഞ്ഞു. . ഇന്ന് കേരളത്തിലെ എം.ഇ.എസ് സ്ഥാപനങ്ങൾ വിദ്യാഭ്യാസ രംഗത്ത് വലിയ സംഭാവനകൾ നൽകുന്നുണ്ടെന്നും. പ്രത്യേകിച്ച് സ്ത്രീ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി ആധുനിക വിദ്യാഭ്യാസ രീതി നടപ്പിലാക്കി കേരളത്തിൽ സ്വകാര്യ വിദ്യാഭ്യാസ മേഖലയെ ഉയർത്തിക്കൊണ്ടു വരുവാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആരോഗ്യ രംഗത്തെ് എം.ഇ.എസിന്റെ പ്രവർത്തനങ്ങളെ പ്രശംസിച്ചു കൊണ്ടാണ് അദ്ദേഹം സംസാരിച്ചു. പ്രതിനിധി സമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ അദ്ധ്യക്ഷം വഹിച്ചു. എം.കെ. രാഘവൻ എം.പി. മുഖ്യപ്രഭാഷണം നടത്തി. ഡോ. പി.എ. ഫസൽ ഗഫൂർ, ഡോ. എം.കെ.ഇബ്രാഹിം, ടി.എം. സക്കീർ ഹുസൈൻ, അഡ്വ. എ.പി.എം. നസീർ എന്നിവർ പ്രസംഗിച്ചു.സംസ്ഥാന സെക്രട്ടറി ഡോ. എൻ.എം. മുജീബ് റഹ്മാൻ സ്വാഗതവും മെമ്പർഷിപ്പ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എച്ച്. മുഹമ്മദ് നന്ദിയും പറഞ്ഞു. സ്ത്രീ ശാക്തീകരണ രംഗത്തും, സാമൂഹിക രംഗത്തുമുള്ള സ്തുത്യർഹമായ  സേവനത്തിനുള്ള എം.ഇ.എസ് ദേശീയ സാമൂഹ്യപ്രവർത്തക പുരസ്കാരം പ്രോജ്വല സ്ഥാപക സുനിതാ കൃഷ്ണന് മുഖ്യമന്ത്രി സമ്മാനിച്ചു. എം.ഇ.എസ് മുൻ പ്രസിഡന്റുമാരായ ഡോ. എം.എ.അബ്ദുള്ള, കെ.കെ.അബൂബക്കർ എന്നിവരെ ആദരിച്ചുകൊണ്ടുള്ള  ഉപഹാരവും കേരളാ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സമ്മാനിക്കുകയുണ്ടായി.



പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ എം.ഇ.എസ്. നേതാക്കളായ പി.ടി. അസ്സയിൻ കുട്ടി, ടി.എം. സക്കീർഹുസൈൻ, പി.കെ. അബ്ദുൽലതതീഫ്, എ.ടി.എം. അഷറഫ്, എൻ.പി.സി. അബ്ദുറഹിമാൻ എന്നിവർ വേദിയിലേക്കാനയിക്കുന്നു



സാമൂഹ്യ പ്രവർത്തകയ്ക്കുള്ള എം.ഇ.എസ്. ദേശീയ പുരസ്കാരം പ്രോജ്വല സ്ഥാപക സുനിതാ കൃഷ്ണന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി സമ്മാനിക്കുന്നു



പ്രോജ്വല സ്ഥാപക സുനിതകൃഷ്ണൻ അവാർഡ് സ്വീകരിച്ച് പ്രസംഗിക്കുന്നു



മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ഡോ. പി.എ. ഫസൽ ഗഫൂർ, ടി.എം. സക്കീർഹുസൈൻ എന്നിവർ വേദിയിൽ



ഓവർസീസ് കമ്മിറ്റി ചെയർമാൻ ഡോ. എം.കെ. ഇബ്രാഹിം പ്രിതിനിധി സമ്മേളനത്തിൽ പ്രസംഗിക്കുന്നു



ഡോ. എൻ.എം. മുജീബ് റഹ്മാൻ സ്വാഗത പ്രസംഗം നിർവഹിക്കുന്നു



പ്രതിനിധി സമ്മേളനത്തിൽ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ പി.എച്ച്. മുഹമ്മദ് നന്ദി പ്രസംഗം നിർവഹിക്കുന്നു

# കേരള മുസ്‌ലിം നവോത്ഥാന സമ്മേളനം മന്ത്രി. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു

**കേ**രളാ മുസ്ലിം നവോത്ഥാന സമ്മേളനം കേരളാ വ്യവസായ വകുപ്പു മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ഡോ. പി.എ. ഫസൽ ഗഫൂർ അദ്ധ്യക്ഷം വഹിച്ചു. കെ.എൻ.എം. പ്രസിഡന്റ് ടി.പി.അബ്ദുള്ളകോയ മദനി, അഖിലേന്ത്യാ ഇസ്ലാഹി മൂവ്മെന്റ് ജനറൽ സെക്രട്ടറി ഡോ. ഹുസൈൻ മടവൂർ, ജമാ അത്തെ ഇസ്ലാമി കേരള അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരക്കുന്ന്,




കെ.എൻ.എം. പ്രസിഡന്റ് ടി.പി. അബ്ദുള്ളക്കോയ മദനി നവോത്ഥാന സമ്മേളനത്തിൽ പ്രസംഗിക്കുന്നു

എം.എസ്.എസ് ജനറൽ സെക്രട്ടറി പി. മമ്മദ് കോയ ഓർഗനൈസിംഗ് കമ്മിറ്റി കൺവീനർ സി.ടി. സക്കീർ ഹുസ്സൈൻ, മലപ്പുറം ജില്ലാ പ്രസിഡന്റ് എൻ.അബ്ദുൾ ജബ്ബാർ, കോഴിക്കോട് ജില്ലാ ട്രഷറർ എൻ.പി.സി.അബ്ദുറഹിമാൻ എന്നിവർ പങ്കെടുത്തു.

എം.ഇ.എസ് ജില്ലാ പ്രസിഡന്റുമാരായ ഡോ. മുഹമ്മദ് കുഞ്ഞി (കാസർഗോഡ്), ഡോ. എ. ഷഹീദ്(കണ്ണൂർ), യൂസഫ് ഹാജി (വയനാട്), എൻ. അബ്ദുൽ ജബ്ബാർ (മലപ്പുറം), എ.ബി.അബ്ദുൾ കരീം (പാലക്കാട്), കെ.കെ. കുഞ്ഞുമൊയ്തീൻ (തൃശ്ശൂർ), വി.അബ്ബാസ് (ഇടുക്കി), കെ.ഇ. പരീത് (കോട്ടയം), അബ്ദുൾ വഹാബ് ഐ.പി.എസ് (റിട്ട.) (കൊല്ലം), പ്രൊഫ. കമറുദ്ദീൻ (തിരുവനന്തപുരം), കെ.വി. മാമുക്കോയ (ചെന്നൈ), തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു.



ആൾ ഇന്ത്യാ ഇസ്ലാഹി മൂവ്മെന്റ് ജനറൽ സെക്രട്ടറി ഡോ. ഹുസൈൻ മടവൂർ നവോത്ഥാന സമ്മേളനത്തിൽ പ്രസംഗിക്കുന്നു.



ജമാഅത്തെ ഇസ്ലാമി അസിസ്റ്റന്റ് അമീർ ശൈഖ് മുഹമ്മദ് കാരക്കുന്ന് നവോത്ഥാന സമ്മേളനത്തിൽ പ്രസംഗിക്കുന്നു



എം.എസ്.എസ്. ജനറൽ സെക്രട്ടറി പി. മമ്മദ്കോയ നവോത്ഥാന സമ്മേളനത്തിൽ പ്രസംഗിക്കുന്നു


നവോത്ഥാന സമ്മേളനത്തിൽ മലപ്പുറം ജില്ലാ പ്രസിഡന്റ് എൻ. അബ്ദുൽ ജബ്ബാർ നവോത്ഥാന സമ്മേളനത്തിൽ നന്ദി പ്രസംഗം നിർവഹിക്കുന്നു



കോഴിക്കോട് ജില്ലട്രഷറർ എൻ.പി.സി. അബ്ദുറഹിമാൻ നവോത്ഥാന സമ്മേളനത്തിൽ ഖിറാഅത്ത് നിർവഹിക്കുന്നു




മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. എം.എ. അബ്ദുള്ള സാഹിബും നേതാക്കളും വേദിയിൽ




മുൻ സംസ്ഥാന പ്രസിഡന്റ് കെ.കെ. അബൂബക്കർ ആദരിക്കൽ ചടങ്ങിൽ മറുപടി പ്രസംഗം നിർവഹിക്കുന്നു



സീനിയർ നേതാവ് പി.മൊയ്തുഹാജിയും അഥിതികളും, നേതാക്കളും വേദിയിൽ



ഗോൾഡൻ ജൂബിലി ഓർഗനൈസിംഗ് ജോയിന്റ് കൺവീനർ ടി.എം. സക്കീർ ഹുസൈന് പ്രൊഫ. പി.ഒ.ജെ. ലബ്ബ ഉപഹാരം സമ്മാനിക്കുന്നു

ഡോ. പി.കെ. അബ്ദുൽ ഗഫൂർ നഗർ

# സാംസ്കാരിക ഘോഷയാത്രയോടെ എം.ഇ.എസ്. സുവർണ്ണ ജുബിലി
# ആഘോഷത്തിന് ഉജ്ജ്വല സമാപ്തി

**കോഴിക്കോട് :** നഗരത്തിന് നവ്യാനുഭവം സമ്മാനിച്ച സാംസ്കാരിക ഘോഷയാത്രയോടെ എം.ഇ.എസ്. സുവർണ്ണ ജുബിലി ആഘോഷങ്ങൾക്കും സമ്മേളനത്തിനും ഉജ്വല പരിസമാപ്തി. കേരളത്തിന് അകത്തും പുറത്തുമുള്ള ഇരുന്നൂറോളം വേദികളിൽ സെമിനാറുകളും ചർച്ചകളുമായി ഒരു വർഷം നീണ്ടുനിന്നതായിരുന്നു ആഘോഷം. കോഴിക്കോട് കടപ്പുറത്തുനിന്ന് ആരംഭിച്ച പ്രകടനം സി.എച്ച്. ഓവർ ബ്രിഡ്ജ് മാനാഞ്ചിറ വഴി മുതലക്കുളത്ത് സമാപിച്ചു. എം.ഇ.എസ്. പ്രസിഡന്റ് ഡോ. ഫസൽ ഗഫൂറിന്റെ നേതൃത്വത്തിൽ സംസ്ഥാന ഭാരവാഹികൾ നയിച്ച റാലിയിൽ ജില്ലാ ഭാരവാഹികളും സ്ഥാപനങ്ങളും പ്രത്യേകം തയ്യാറാക്കിയ ബാനറിനു കീഴിൽ അണിനിരന്നു.

കേരളീയ മുസ്ലീം നവോത്ഥാനത്തിന്റെയും പോരാട്ടങ്ങളുടെയും കലാ കായിക ശാസ്ത്ര സാങ്കേതിക രംഗത്തേയും ചരിത്രം അനാവരണം ചെയ്ത ഫ്ളോട്ടുകളും നിശ്ചല ദൃശ്യങ്ങളും ഘോഷയാത്രയ്ക്ക് കൊഴുപ്പേകി. തിരുവാതിരയും ഒപ്പനയും വട്ടപ്പാട്ടും കോൽകളിയും അറബനമുട്ടും ദഫ്മുട്ടും സ്കൗട്ട് ബാന്റ് വാദ്യങ്ങളും വർണാഭമാക്കിയ റാലി പ്രവർത്തകരുടെയും, അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. കോഴിക്കോട് നഗരം നാളിതുവരെ ദർശിക്കാനിടവരാത്ത വൈവിധ്യവും സാംസ്കാരിക തനിമയും വിളിച്ചോതിയ സാംസ്കാരിക ഘോഷയാത്ര നഗരത്തിന് കൗതുകമായി. പട്ടാമ്പി സ്കൂളിലെ വിദ്യാർഥികൾ അവതരിപ്പിച്ച റോളർസ്കേറ്റിംഗും എഡ്യുക്കേഷൻ ബോർഡിലെ സി.ബി.എസ്.ഇ. വിദ്യാർഥികൾ പട്ടാളചിട്ടയോടെ അണിനിരന്ന് അവതരിപ്പിച്ച സർവീസ് കോർപ്സും ജാഥയ്ക്ക് മാറ്റുകൂട്ടി. അര നൂറ്റാണ്ടുകാലത്തെ ചോദ്യം ചെയ്യപ്പെടാനാകാത്ത സേവന പ്രവർത്തനങ്ങളെയും മതേതരമൂല്യത്തേയും അനുസ്മരിപ്പിക്കുന്നതും ഭാരതത്തിന്റെ നിലനിൽപ്പ് നാനാത്വത്തിൽ ഏകത്വമാണെന്ന് ഉറക്കെ ഉദ്ഘോഷിച്ചുമാണ് ഘോഷയാത്ര നടന്നുനീങ്ങിയത്. നാനാജാതി മതസ്ഥർ ഒരുമിച്ച് വസിക്കുന്ന മതേതരത്വത്തിന് പ്രശസ്തിയാർജിച്ച കൈരളിയുടെയും, ഭാരതത്തിന്റെയും സംഭാവനകൾ ആവിഷ്കരിച്ച ഫ്ളോട്ടുകൾ കൗതുകപൂർവം വീക്ഷിക്കുവാൻ റോഡിന്റെ ഇരുവശവും ജനബാഹുല്യമുണ്ടായതും, നഗരത്തിന്റെ തിരക്കിലും പൊതു ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ ഘോഷയാത്ര കടന്നു പോയതും എടുത്തുപറയാവുന്ന നേട്ടമായി അവശേഷിക്കുന്നു.

ഘോഷയാത്രക്ക് സംസ്ഥാന ഭാരവാഹികളായ ഡോ. പി.എ. ഫസൽ ഗഫൂർ, പ്രൊഫ. പി.ഒ.ജെ. ലബ്ബ, വി. മൊയ്തുട്ടി, സി.ടി. സക്കീർ ഹുസൈൻ, ടി.എം. സക്കീർ ഹുസൈൻ, ഡോ. എൻ.എം. മുജീബ് റഹ്മാൻ, എ. മുഹമ്മദ്, കെ.കെ. അബൂബക്കർ, എ.എം. അബൂബക്കർ, ഡോ. കെ.പി. അബൂബക്കർ, എ. ഹബീബ് മുബമ്മദ്, എം. അലി, ഡോ. വി.കെ. ജമാൽ, പി.എച്ച്. നജീബ്, ഇ.പി. മോയിൻകുട്ടി എന്നിവർ നേതൃത്വം നൽകി.

ഘോഷയാത്രയുടെ മുൻനിര മുതലക്കുളം മൈതാനിയിൽ എത്തിചേർന്നിട്ടും കോഴിക്കോട് ബീച്ചിൽ നിന്നും ഘോഷയാത്രയുടെ അവസാനം അണിനിരന്ന കോഴിക്കോട് ജില്ലയിലെ പ്രവർത്തകർ പുറപ്പെട്ടിട്ടില്ലായിരുന്നു. മുതലക്കുളം റോഡിനുസമീപം പ്രത്യേകം തയ്യാറാക്കിയ വേദിയിൽ അണിനിരന്ന നേതാക്കൾ ഘോഷയാത്രയിൽ പങ്കെടുത്തവരെ അഭിവാദ്യം ചെയ്തു. എം.ഇ.എസ്. യുവജന വിഭാഗം പ്രത്യേക ബാനറിനുകീഴിൽ ഘോഷയാത്രയിൽ അണിനിരക്കുകയും സംസ്ഥാന പ്രസിഡന്റ് ഡോ. ഫിറോസ് മുഹമ്മദ്, ജനറൽ സെക്രട്ടറി പ്രൊഫ. പി.പി. സാജിദ്, ട്രഷറർ പി.കെ. മുഹമ്മദ് സെമീർ എന്നിവർ നേതൃത്വം നൽകുകയും ചെയ്തു. മുതലക്കുളത്തെ വേദിയിൽ മഹത്തായ ഗോൾഡൻ ജൂബിലിയുടെ സമാപന സമ്മേളനം ആരംഭിച്ചു. ടി.എം. സക്കീർ ഹുസൈന്റെ ആമുഖപ്രഭാഷണം നടത്തി. തുടർന്ന് തലശ്ശേരി ബാവ റസിഡൻഷ്യൽ സ്കൂളിലെ സംഗീത അധ്യാപകർ ചിട്ടപ്പെടുത്തി വിദ്യാർഥികൾ അവതരിപ്പിച്ച സ്വാഗത ഗാനലാപനത്തോടെ തുടക്കംകുറിച്ചു. എം.ഇ.എസ്. സ്ഥാപകൻ മർഹും ഡോ. പി.കെ. അബ്ദുൽ ഗഫൂർ സാഹിബിന്റെ നാമധേയത്തിലുള്ള നഗറിലാണ് സമാപന സമ്മേളനത്തിന് തുടക്കമിട്ടത്.

രാജ്യത്ത് മതനിരപേക്ഷതരുടെ അടിത്തറ തകർന്നിരിക്കുകയാണെന്ന് സമാപന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ഓൾ ഇന്ത്യാ മജ്ലിസ്–ഇ–മുശാവറ വൈസ് പ്രസിഡന്റ് മുഹമ്മദ് അദീബ് എം.പി.പറഞ്ഞു. ബാബരി മസ്ജിദ് തകർത്തപ്പോഴും ഗുജറാത്ത് കലാപമുണ്ടായപ്പോഴും രാജ്യം ഇത്രയും അസ്വസ്ഥമായിരുന്നില്ല. കാരണം അന്നെല്ലാം മതനിരപേക്ഷ പാർട്ടികൾ ശക്തമായിരുന്നു. എന്നാൽ ഇന്ന് 85 ശതമാനം വരുന്ന ഭൂരിപക്ഷത്തെ 15 ശതമാനം വരുന്ന ന്യൂനപക്ഷത്തിനെതിരെ തിരിക്കാൻ ബോധപൂർവ്വമായ ശ്രമം നടത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മുതലക്കുളം ഡോ. അബ്ദുൽ ഗഫൂർ നഗറിൽ നടന്ന സമാപന സമ്മേളനം ബിഹാർ അസംബ്ലി പ്രതിപക്ഷ നേതാവ് അബ്ദുൽ ബാരി സിദ്ദീഖി ഉദ്ഘാടനം ചെയ്തു. മതേതര കൂട്ടായ്മ ശക്തിപ്പെടുത്തി വർഗീയ ഭീഷണി ചെറുക്കണമെന്ന് അദ്ദേഹം പറഞ്ഞു. മോദിയുടെ നേതൃത്വത്തിൽ രാജ്യം ശിഥി

ലീകരണ ശക്തികളുടെ പിടിയിൽ അമരുന്നതിനെതിരെ ജാഗ്രത പാലിക്കണം കേരളം ഇക്കാര്യത്തിൽ മാതൃകയാണെന്നും അദ്ദേഹം പറഞ്ഞു. മുഹമ്മദ് അദീബ് എം.പി. (ഉത്തർ പ്രദേശ്), സി.പി.ഐ. സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ, കമാൽ ഫാറൂഖി എന്നിവർ സംസാരിച്ചു.

പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ അദ്ധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ സ്വാഗതം പറഞ്ഞു. ഓർഗനൈസിംഗ് കൺവീനർ സി.ടി. സക്കീർ ഹുസൈൻ നന്ദി പറഞ്ഞു.

# ഖവ്വാലിയിൽ മനം നിറഞ്ഞ് സമ്മേളന നഗരി

**2015 ജനവരി** 24ന്റെ രാത്രിക്ക് ചൂട് പകർന്ന് ബാംഗ്ലൂരിലെ റോഷൻ സുലൈമാൻ & പാർട്ടിയുടെ ഖവ്വാലി അരങ്ങേറി മനുഷ്യ മനസ്സിനെ സംഗീത ലയത്തിലലിയിച്ച ഖവ്വാലി എല്ലാവരും മനം നിറയെ ആസ്വദിച്ചു. ഡോ. പി.എ. ഫസൽ ഗഫൂർ ഖവ്വാലി അവതരിപ്പിച്ചത് നവ്യാനുഭവമായി. ബേബികെയർ സലാം ഖവ്വാലിയുടെ കോ-ഓർഡിനേറ്ററായിരുന്നു.



റോഷൻ സുലൈമാൻ ബാംഗ്ലൂർ & പാർട്ടി ഖവാലി അവതരിപ്പിക്കുന്നു

# സമാപന ഘോഷയാത്രയിൽ അവതരിപ്പിച്ച വിവിധ ജില്ലകളുടെ ഫ്ളോട്ടുകൾ

മലപ്പുറം




മലപ്പുറം ജില്ലയുടെ സാംസ്കാരിക ഘോഷയാത്ര ജില്ലാ പ്രസിഡന്റ് എൻ. അബ്ദുൽ ജബ്ബാർ, സെക്രട്ടറി ഒ.സി. സലാഹുദ്ദീൻ, ട്രഷറർ സി.ചേക്കുഹാജി തുടങ്ങിയവർ നയിക്കുന്നു



സി.ബി.എസ്.ഇ. എഡ്യുക്കേഷൻ ബോർഡ് 'സർവീസ് കോർപ്പ്സ്' വിദ്യാർഥികൾ അവതരിപ്പിച്ച പരേഡ്

# സാംസ്കാരിക ഘോഷയാത്ര



പട്ടാമ്പി ഇന്റർനാഷണൽ സ്കൂൾ വിദ്യാർഥികൾ അവതരിപ്പിച്ച റോളർ സ്കേറ്റിംഗ്



മലപ്പുറം ജില്ലാ കമ്മിറ്റിയുടെ '1921 മലബാർ ലഹള ആലി മുസ്ലിയാർ ഫ്ളോട്ട്



മെഡിക്കൽ കോളേജ് പെരിന്തൽമണ്ണയുടെ ഇസ്ലാമിക്ക് മെഡിസിൻസ് ഫ്ളോട്ട്




ഡെന്റൽ കോളേജ് അവതരിപ്പിച്ച 'ഇസ്ലാമിക് മെഡിസിൻ' ഫ്ളോട്ട്




പെരിന്തൽമണ്ണ മെഡിക്കൽ കോളേജിലെ അംഗങ്ങൾ ഘോഷയാത്രയിൽ




ഡെന്റൽ കോളേജ് പെരിന്തൽമണ്ണയിലെ അംഗങ്ങൾ ഘോഷയാത്രയിൽ അണിനിരന്നപ്പോൾ




എഞ്ചിനീയറിങ് കോളേജ് കുറ്റിപ്പുറം അവതരിപ്പിച്ച ഫ്ളോട്ട് കോളേജിന്റെ മാതൃക




നഴ്സിങ് കോളേജ് പെരിന്തൽമണ്ണയുടെ 'ഇസ്ലാമിക് മെഡിസിൻ ഫ്ളോട്ട്

# സാംസ്കാരിക ഘോഷയാത്ര




നഴ്സിങ് കോളേജ് അംഗങ്ങൾ ഘോഷയാത്രയിൽ



കോളേജ് ഓഫ് ആർക്കിടെക്ചർ കുറ്റിപ്പുറത്തിന്റെ മുസ്‌ലിം പള്ളി ഫ്ളോട്ട്




കുറ്റിപ്പുറം എഞ്ചിനീയറിങ് കോളേജ് അംഗങ്ങൾ ഘോഷയാത്രയിൽ




പൊന്നാനി കോളേജ് അംഗങ്ങൾ ഘോഷ യാത്രയിൽ



പൊന്നാനി കോളേജ് അവതരിപ്പിച്ച 'മതമൈത്രി' ഫ്ളോട്ട്



കെ.വി.എം. വളാഞ്ചേരിഅവതരിപ്പിച്ച 'ഓത്തുപള്ളി' ഫ്ളോട്ട്



മമ്പാട് കോളേജ് അവതരിപ്പിച്ച 'ഫുട്ബോളിലെ മുസ്‌ലിം സംഭാവനകൾ' ഫ്ളോട്ട്




കെ.വി.എം.കോളേജ് വളാഞ്ചേരിയിലെ അംഗങ്ങൾ ഘോഷ യാത്രയിൽ




മമ്പാട് കോളേജിലെ അംഗങ്ങൾ ഘോഷയാത്രയിൽ



സെൻട്രൽ സ്കൂൾ വളാഞ്ചേരിയുടെ ഖിലാഫത്ത് പ്രസ്ഥാനം ഫ്ളോട്ട്



ആർട്സ് ആൻഡ് സയൻസ് കോളേജ് പെരിന്തൽമണ്ണയുടെ 'കട്ടിലശ്ശേരി മുഹമ്മദ് മൗലവിയും ഖിലാഫത്ത് പ്രസ്ഥാനവും' ഫ്ളോട്ട്




ആർട് ആൻഡ് സയൻസ് കോളേജ് പെരിന്തൽ മണ്ണയിലെ അംഗങ്ങൾ ഘോഷയാത്രയിൽ




സെൻട്രൽ സ്കൂൾ വളാഞ്ചേരിയിലെ അംഗങ്ങൾ ഘോഷ യാത്രയിൽ



സെൻട്രൽ സ്കൂൾ പുത്തനത്താണി അവതരിപ്പിച്ച മലബാറി ലെ മാറുന്ന സ്ത്രീമുഖം ഫ്ളോട്ട്



എച്ച്.എസ്.എസ്. മമ്പാട് അവതരിപ്പിച്ച 'കിഴക്കൻ ഏറാനാട്ടി ലെ നാടക പ്രസ്ഥാനവും മാപ്പിള നായകരും' ഫ്ളോട്ട്




മമ്പാട് എച്ച്.എസ്.എസ്.ലെ അംഗങ്ങൾ ഘോഷയാത്രയിൽ

## സാംസ്കാരിക ഘോഷയാത്ര




സെൻട്രൽ സ്കൂൾ പുത്തനത്താണി അംഗങ്ങൾ ഘോഷയാത്രയിൽ



സെൻട്രൽ സ്കൂൾ തിരൂർ അവതരിപ്പിച്ച 'വാഗൺ ട്രാജടി'




സെൻട്രൽ സ്കൂൾ തിരൂരിലെ അംഗങ്ങൾ ഘോഷയാത്രയിൽ



എച്ച്.എസ്.എസ്. പൊന്നാനി അവതരിപ്പിച്ച 'മൊയ്തു മൗലവിയും സ്വാതന്ത്ര്യസമരവും' ഫ്ളോട്ട്



സെൻട്രൽ സ്കൂൾ തിരൂർ അവതരിപ്പിച്ച വിദ്യാർഥികളുടെ ബാൻഡ് വാദ്യം




എച്ച്.എസ്.എസ്. പൊന്നാനി അംഗങ്ങൾ ഘോഷയാത്രയിൽ




സെൻട്രൽ സ്കൂൾ താനൂരിലെ അംഗങ്ങൾ ഘോഷയാത്രയിൽ



സെൻട്രൽ സ്കൂൾ താനൂർ അവതരിപ്പിച്ച 'ഐ.എൻ.എ. അബ്ദുൾ ഖാദർ' ഫ്ളോട്ട്

# സാംസ്കാരിക ഘോഷയാത്ര




സെൻട്രൽ സ്കൂൾ കുറ്റിപ്പുറം അംഗങ്ങൾ ഘോഷയാത്രയിൽ




സെൻട്രൽ സ്കൂൾ പെരിന്തൽമണ്ണയിലെ അംഗങ്ങൾ ഘോഷയാത്രയിൽ




എച്ച്.എസ്.എസ്. ഇരുമ്പിളിയം അംഗങ്ങൾ ഘോഷയാത്രയിൽ



സെൻട്രൽ സ്കൂൾ പെരിന്തൽമണ്ണ അവതരിപ്പിച്ച 'ഇന്ത്യൻ മുസ്‌ലിം സംഗീത സാമ്രാട്ടുകൾ' ഫ്ളോട്ട്



എച്ച്.എസ്.എസ്. ഇരിമ്പിളയം അവതരിപ്പിച്ച 'ഖിലാഫത്ത് പ്രസ്ഥാനം' ഫ്ളോട്ട്




സെൻട്രൽ സ്കൂൾ തിരുന്നാവായയിലെ അംഗങ്ങൾ ഘോഷയാത്രയിൽ



എം.ഇ.എസ്. സി.ബി.എസ്.ഇ. സ്കൂൾ കുറ്റിപ്പുറം അവതരിപ്പിച്ച 'മാമാങ്ക കപ്പൽ കലഹം' ഫ്ളോട്ട്

## കണ്ണൂർ




കണ്ണൂർ ജില്ലയുടെ ഘോഷയാത്രയ്ക്ക് ജില്ലാ പ്രസിഡന്റ് ഡോ. ഷഹീദ്, അഡ്വ. എ.പി.എം. നസീർ എന്നിവർ നേതൃത്വം നൽകുന്നു.



കൂത്തുപറമ്പ് സ്കൂളിന്റെ മുൻ ഇന്ത്യൻ പ്രസിഡന്റുമാർ ഫ്ളോട്ട്



തലശ്ശേരി ബാവ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികൾ അവതരിപ്പിച്ച ബാൻഡ് വാദ്യം



കൂത്തുപറമ്പ് കോളേജിന്റെ 'അറക്കൽ-ചിറക്കൽ രാജവംശത്തിന്റെ ഉല്പത്തി ഫ്ളോട്ട്



ബാവാ റെസിഡൻഷ്യൽ സ്കൂൾ, തലശ്ശേരിയുടെ കോയമാർ മലബാർ വാണിടും കാലം' ഫ്ളോട്ട്

## കോട്ടയം




കോട്ടയം ജില്ലയുടെ ജാഥയ്ക്ക് ജില്ലാ പ്രസിഡന്റ് കെ.ഇ. പരീതും മറ്റു നേതാക്കളും നേതൃത്വം നൽകുന്നു




കോട്ടയം എരുമേലി കോളേജ് അംഗങ്ങൾ ഘോഷയാത്രയിൽ



എരുമേലി കോളേജ് അവതരിപ്പിച്ച വാവരും അയ്യപ്പനും ഫ്ളോട്ട്




ഈരാറ്റുപേട്ട കോളേജിന്റെ സാംസ്കാരിക ജാഥയ്ക്ക് പ്രൊഫ. ഫരീത് നേതൃത്വം നൽകുന്നു




മുണ്ടക്കയം പബ്ലിക്ക് സ്കൂൾ അംഗങ്ങൾ ഘോഷയാത്രയിൽ




കൊല്ലം ജില്ലാ കമ്മിറ്റിയുടെ ഘോഷയാത്രയ്ക്ക് ജില്ലാ നേതാക്കൾ നേതൃത്വം നൽകുന്നു.



കൊല്ലം ജില്ലാ കമ്മിറ്റി അവതരിപ്പിച്ച ബഷീറിന്റെ കഥാപാത്രങ്ങൾ ഫ്ളോട്ട്



സാംസ്കാരികഘോഷയാത്രക്ക് കൊഴുപ്പേകിയ വാദ്യമേളസംഘം




കൊല്ലം എഞ്ചിനീയറിങ് കോളേജ് അവതരിപ്പിച്ച 'ഇന്ത്യൻ ശാസ്ത്രരംഗത്തെ മുസ്‌ലിം സംഭാവനകൾ' ഫ്ളോട്ട്




കൊല്ലം, കരുനാഗപ്പള്ളി താലൂക്ക് കമ്മിറ്റിയിലെ അംഗങ്ങൾ ഘോഷയാത്രയിൽ

## തിരുവനന്തപുരം




തിരുവനന്തപുരം ജില്ലയുടെ സാംസ്കാരിക ഘോഷയാത്രയ്ക്ക് ജില്ല പ്രസിഡന്റ് പ്രൊഫ. എം.കെ. കമറുദ്ദീൻ നേതൃത്വം നൽകുന്നു.




തിരുവനന്തപുരം ജില്ല കമ്മിറ്റി അവതരിപ്പിച്ച സെക്രട്ടറിയേറ്റ് മൗലാന അബുൽ കലാം ആസാദ് തുടങ്ങിയവരുടെ പശ്ചാതലത്തിലുള്ള ഫ്ളോട്ടുകൾ

## ഇടുക്കി




ഇടുക്കി ജില്ലാ കമ്മിറ്റിയുടെ ഘോഷയാത്രയ്ക്ക് ജില്ല പ്രസിഡന്റ് വി. അബ്ബാസ്, സെക്രട്ടറി അഡ്വ. ഹനീഫ റാവുത്തർ എന്നിവർ നേതൃത്വം നൽകുന്നു



നെടുങ്കണ്ടം കോളേജ് അവതരിപ്പിച്ച 'മുല്ലപെരിയാർ' ഫ്ളോട്ട്




എച്ച്.എസ്.എസ്. വണ്ടൻമേടും ഇടുക്കി ജില്ലാ കമ്മിറ്റിയും അവതരിപ്പിച്ച 'മുഗളരുടെ സംഭാവനകൾ ഫ്ളോട്ട്



ഇടുക്കി ജില്ലയുടെ ബാൻഡ് സംഘം

## എറണാകുളം




എറണാകുളം ജില്ലാ ഭാരവാഹികൾ ഘോഷയാത്രയ്ക്ക് നേതൃത്വം നൽകുന്നു



മാറമ്പള്ളി കോളേജിന്റെ 'ഇന്ത്യ വിഭജനം' സത്യവും മിഥ്യയും ഫ്ളോട്ട്




കുന്നുകര കോളേജിന്റെ 'മസ്‌ലിം സമൂഹത്തിന്റെ പുരോഗതിയിൽ എം.ഇ.എസ്സിന്റെ സംഭാവനകൾ ഫ്ളോട്ട്



കുന്നുകര എഞ്ചി. കോളേജിന്റെ കുട്ടിക്കുപ്പായം ഫ്ളോട്ട്



ട്രെയിനിംഗ് കോളേജ് എടത്തലയുടെ അലി സഹോദരൻമാർ ഫ്ളോട്ട്




ട്രെയിനിംഗ് കോളേജ് എടത്തലയിലെ അംഗങ്ങൾ ഘോഷയാത്രയിൽ



ഐമാറ്റ് കോളേജിന്റെ 'കേരള തീരക്കാഴ്ചകൾ.. കറുത്ത പൊന്നും തേടിയെത്തിയ അറബ് വ്യാപാരികൾ' ഫ്ളോട്ട്




ആലുവ ഐമാറ്റ് കോളേജ് അംഗങ്ങൾ ഘോഷയാത്രയിൽ




കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആലുവയിലെ അംഗങ്ങൾ ഘോഷയാത്രയിൽ



കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് എടത്തലയുടെ വൈക്കം മുഹമ്മദ് ബഷീർ പാത്തുമ്മയുടെ ആട്

## സാംസ്കാരിക ഘോഷയാത്ര

### ആലപ്പുഴ



ഉദ്യോഗമണ്ഡൽ സ്കൂൾ എറണാകുളം അവതരിപ്പിച്ച ഇന്ത്യയുടെ വളർച്ചയിൽ മുസ്‌ലിംങ്ങളുടെ പങ്ക്'



സി.ബി.എസ്.സി. സ്കൂൾ, പുന്നപ്ര, അവതരിപ്പിച്ച 'ആലപ്പുഴയുടെ പൈതൃകം' ഫ്ളോട്ട്

### പാലക്കാട്




പാലക്കാട് ജില്ലാ കമ്മിറ്റിയുടെ ഘോഷയാത്രയ്ക്ക് പ്രസിഡന്റ് അബ്ദുൽകരീം ഹാജി, സെക്രട്ടറി എ. ജബ്ബാറലി ട്രഷർ സി.യു. മുജീബ് തുടങ്ങിയവർ നേതൃത്വം നൽകുന്നു.




ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ മുണ്ടൂർ അവതരിപ്പിച്ച ദഫ്മുട്ട്



ഇന്റർനാഷണൽ സ്കൂൾ പട്ടാമ്പിയുടെ കേരള കലാമണ്ഡലവും ഹൈദരലിയും ഫ്ളോട്ട്




ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, മുണ്ടൂരിലെ അംഗങ്ങൾ ഘോഷയാത്രയിൽ




വനിതാ കോളേജ് മണ്ണാർക്കാട് അവതരിപ്പിച്ച 'ബഷീർ സാഹിത്യത്തിലെ മുസ്‌ലിം സംഭവനകൾ' ഫ്ളോട്ട്



വനിതാ കോളേജ് പട്ടാമ്പിഅവതരിപ്പിച്ച 'ഇന്ത്യക്ക് സംഭാവന ചെയ്ത 10 മുസ്‌ലിം വനിതകൾ' ഫ്ളോട്ട്

# സാംസ്കാരിക ഘോഷയാത്ര




വനിതാ കോളേജ് പാലക്കാട് അവതരിപ്പിച്ച 'സ്ത്രീശാക്തീകരണത്തിൽ മുസ്‌ലിം സംഭാവനകൾ' ഫ്ളോട്ട്




കല്ലടി കോളേജ്, മണ്ണാർക്കാടിലെ അംഗങ്ങൾ ഘോഷയാത്രയിൽ




വനിത കോളേജ് പട്ടാമ്പിയിലെ അംഗങ്ങൾ ഘോഷയാത്രയിൽ




വനിത കോളേജ് പാലക്കാടിലെ അംഗങ്ങൾ ഘോഷയാത്രയിൽ




ഹയർ സെക്കന്ററി സ്കൂൾ ഒലവക്കോടിലെ അംഗങ്ങൾ ഘോഷയാത്രയിൽ



ഹയർസെക്കന്ററി സ്കൂൾ ഒലവക്കോടിന്റെ വിദ്യാർഥികൾ അവതരിപ്പിച്ച അറബന മുട്ട്



എച്ച്.എസ്.എസ്. ഒലവക്കോടിലെ വിദ്യാർഥികൾ അവതരിപ്പിച്ച ബാന്റ് വാദ്യം



എച്ച്.എസ്.എസ്. ഒലവക്കോട് വിദ്യാർഥികൾ അവതരിപ്പിച്ച കോൽക്കളി സംഘം



എച്ച്.എസ്.എസ്. ഒലവക്കോട് അവതരിപ്പിച്ച 'ടിപ്പുവിന്റെ സംഭാവനകൾ' ഫ്ളോട്ട്




കല്ലടി കോളേജ് മണ്ണാർക്കാട് അവതരിപ്പിച്ച 'നാടൻ കലയും നാട്ടുകൂട്ടവും' ഫ്ളോട്ട്



ഹയർസെക്കൻഡറിസ്കൂൾ ഒലവക്കോടിലെ വിദ്യാർഥികളുടെ ബാന്റ് വാദ്യം




ഐ.ടി.ഐ. മുണ്ടൂരിലെ അംഗങ്ങൾ ഘോഷയാത്രയിൽ



എച്ച്.എസ്.എസ്. മണ്ണാർക്കാട് അവതരിപ്പിച്ച 'ഇന്ത്യൻ സ്പോർട്സിലെ മുസ്ലിം സംഭാവനകൾ' ഫ്ളോട്ട്



പാലക്കാട് ജില്ലയിലെ വിദ്യാർഥികൾ അവതരിപ്പിച്ച ദഫ്മുട്ട്




എച്ച്.എസ്.എസ്. മണ്ണാർക്കാടിലെ അംഗങ്ങൾ ഘോഷയാത്രയിൽ




വനിത കോളേജ് മണ്ണാർക്കാടിലെ അംഗങ്ങൾ ഘോഷയാത്രയിൽ



ഇന്റർനാഷണൽ സ്കൂൾ പട്ടാമ്പിയിലെ അംഗങ്ങൾ ഘോഷയാത്രയിൽ


ഇന്റർനാഷണൽ സ്കൂൾ പട്ടാമ്പിയിലെ വിദ്യാർഥികളുടെ ബാൻഡ് വാദ്യം


ഇംഗ്ലീഷ് മീഡിയം സ്കൂൾ മുണ്ടൂരിന്റെ 'വിദ്യാഭ്യാസ രംഗത്തെ മുസ്‌ലിം സംഭാവനകൾ. ഫ്ളോട്ട്



തൃശ്ശൂർ ജില്ലയുടെ സാംസകാരിക ജാഥ വി.എം. ഷൈൻ കെ.എ. അബ്ദുൽ സലാം തുടങ്ങിയവർ നയിക്കുന്നു



കൊടുങ്ങല്ലൂരിന്റെ സാംസ്കാരിക പൈതൃകവും മതേതരത്വവും അസ്മാബി കോളേജ് അവതരിപ്പിച്ച ഫ്ളോട്ട്



അസ്മാബി കോളേജ് അംഗങ്ങൾ ഘോഷയാത്രയിൽ


കൊടുങ്ങല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ അവതരിപ്പിച്ച നവോത്ഥാന നായകന്മാരുടെ ഫ്ളോട്ട്



ശ്രീനാരായണപുരം സ്കൂളിന്റെ അംഗങ്ങൾ സാംസ്കാരിക ഘോഷയാത്രയിൽ

കോഴിക്കോട്



പബ്ലിക്ക് സ്കൂൾ കൊടുങ്ങല്ലൂരിന്റെ 'മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്' ഫ്ളോട്ട്




കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ഘോഷയാത്രയ്ക്ക് ജില്ലാ സെക്രട്ടറി പി.കെ. അബ്ദുൽ ലത്തീഫ്. പി.എച്ച്. മുഹമ്മദ്, പി.പി. അബ്ദുള്ള, ഷമീല ഫസൽ, ശബ്നം മുഹമ്മദ്, ഷെർബിൻ സുൽത്താന റഹീം തുടങ്ങിയവർ നേതൃത്വം നൽകുന്നു



രാജാ റെസിഡൻഷ്യൽ സ്കൂൾ ചാത്തമംഗലം അവതരിപ്പിച്ച 'ഉരുനിർമാണവും അറബികളും' ഫ്ളോട്ട്




കോഴിക്കോട് താലൂക്ക് കമ്മിറ്റി അവതരിപ്പിച്ച മുഹമ്മദ് റഫി അനുസ്മരണ ഗാനമേള ഫ്ളോട്ട്



കക്കോടി കോളേജ് ഓഫ് ആർക്കിടെക്ച്ചർ അവതരിപ്പിച്ച കുറ്റിച്ചിറ മിഷ്കാൽ പള്ളി ഫ്ളോട്ട്




ആർട്സ് ആൻഡ് സയൻസ് കോളേജ് ചാത്തമംഗലം അംഗങ്ങൾ ഘോഷയാത്രയിൽ



വടകര ആർട്സ് കോളേജ് അവതരിപ്പിച്ച കുഞ്ഞാലി മരക്കാരും ഇന്ത്യൻ സ്വാതന്ത്ര്യസമരവും ഫ്ളോട്ട്



കോഴിക്കോട് ജില്ലാകമ്മിറ്റി അവതരിപ്പിച്ച 'സാമൂതിരിയും കോയമാരും' ഫ്ളോട്ട്




ഫാത്തിമ ഗഫൂർ മെമ്മോറിയൽ വനിതാ കോളേജ് അംഗങ്ങൾ ഘോഷയാത്രയിൽ



ഫാത്തിമ ഗഫൂർ വനിതാ കോളേജ് അവതരിപ്പിച്ച 'വനിതാ സുൽത്താൻമാരും, സ്വാതന്ത്ര്യസമര നായകിമാരും ഫ്ളോട്ട്




രാജാ റെസിഡൻഷ്യൽ സ്കൂൾ ചാത്തമംഗലം അംഗങ്ങൾ ഘോഷയാത്രയിൽ




സെൻട്രൽ സ്കൂൾ പാവങ്ങാട് അംഗങ്ങൾ ഘോഷയാത്രയിൽ



സെൻട്രൽ സ്കൂൾ പാവങ്ങാട് അവതരിപ്പിച്ച 'തനിമ ചോരുന്ന മാപ്പിളപ്പാട്ട്' ഫ്ളോട്ട്



കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ചാത്തമംഗലം അവതരിപ്പിച്ച 'ഇന്ത്യൻ വസ്ത്രധാരണത്തിലെ മുസ്ലിം സംഭാവനകൾ'



സെൻട്രൽ സ്കൂൾ ഓർക്കാട്ടേരി അവതരിപ്പിച്ച 'എം.എഫ് ഹുസൈൻ' ഫ്ളോട്ട്



സെൻട്രൽ സ്കൂൾ അത്തോളി അവതരിപ്പിച്ച 'നാടക രംഗത്തെ മുസ്ലിം സംഭാവനകൾ' ഫ്ളോട്ട്




സെൻട്രൽ സ്കൂൾ പാലങ്ങാടിലെ അംഗങ്ങൾ ഘോഷയാത്രയിൽ




എ.എ. റഹീം സെൻട്രൽ സ്കൂൾ അത്തോളിയിലെ അംഗങ്ങൾ ഘോഷയാത്രയിൽ




പബ്ളിക്ക് സ്കൂൾ ഓർക്കാട്ടേരിയിലെ അംഗങ്ങൾ ഘോഷയാത്രയിൽ




ഫാത്തിമ റഹീം സെൻട്രൽ സ്കൂൾ കൈതപ്പൊയിലിന്റെ ‘നാനാത്വത്തിൽ ഏകത്വം വിദ്യാഭ്യാസ രംഗത്ത്’ ഫ്ളോട്ട്

ചെന്നൈ




ചെന്നൈ കമ്മിറ്റിയുടെ ഘോഷയാത്രയ്ക്ക് എം.പി. അൻവർ, കെ.വി. മാമുക്കോയ തുടങ്ങിയവർ നേതൃത്വം നൽകുന്നു

ചെന്നൈ കമ്മിറ്റിയുടെ ‘ഇന്ത്യൻ ശാസ്ത്ര രംഗത്തെ മുസ്ലിം സംഭാവനകൾ’ എ.പി.ജെ. അബ്ദുൽ കലാം ഫ്ളോട്ട്



# സമാപന സമ്മേളനം




സമാപന സമ്മേളനത്തിൽ പ്രസിഡന്റ് ഡോ. പി.എ. ഫസൽ ഗഫൂർ അദ്ധ്യക്ഷ പ്രസംഗം നിർവ്വഹിക്കുന്നു.



മുതലക്കുളത്ത് നടന്ന സമാപന സമ്മേളന ഗ്രൗണ്ടിലെ നിറഞ്ഞ സദസ്സ്



ഡോ. ഫസൽ ഗഫൂർ സി.പി.ഐ, സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രനെ വേദിയിലേക്ക് സ്വീകരിക്കുന്നു




ബീഹാർ പ്രതിപക്ഷനേതാവ് അബ്ദുൽ ബാരി സിദ്ദീഖി എം.എൽ.എ. സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു




ജനറൽ സെക്രട്ടറി പ്രൊഫ. പി.ഒ.ജെ. ലബ്ബ സ്വാഗത പ്രസംഗം നിർവഹിക്കുന്നു



സി.പി.ഐ. സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ സമാപന സമ്മേളനത്തിൽ പ്രസംഗിക്കുന്നു




ഇന്ത്യാ മജ്‌ലിസ് മുഷവറത്ത് വൈസ് പ്രസിഡന്റ് മുഹമ്മദ് അദീബ് എം.പി. സമാപന സമ്മേനളത്തിൽ മുഖ്യ പ്രഭാഷണം നിർവഹിക്കുന്നു

## സമാപന സമ്മേളനം



യൂത്ത്ഫെസ്റ്റിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ എം.ഇ. എസ്. പൊന്നാനി കോളേജ് അബ്ദുൽ ബാരി സിദ്ദീഖിയിൽ നിന്നും ക്യാഷ് അവാർഡ് ഏറ്റുവാങ്ങുന്നു.



ഗോൾഡൻ ജൂബിലിൽ യോടനുബന്ധിച്ച് യൂത്ത്വിംഗ് സംഘടിപ്പിച്ച യൂത്ത് ആർട്സ് ഫെസ്റ്റ് 3-ാം സ്ഥാനം കരസ്ഥ മാക്കിയ നഴ്സിങ്ങ് കോളേജ് പെരിന്തൽമണ്ണയിലെ വിദ്യാർ ഥികൾ ഡോ. ഫസൽ ഗഫൂറിൽനിന്നു ക്യാഷ് അവാർഡ് ഏറ്റുവാങ്ങുന്നു.



സി.ടി. സക്കീർ ഹുസൈൻ നന്ദി പറയുന്നു



യൂത്ത് ഫെസ്റ്റിലെ ഓവറോൾ ചാമ്പ്യൻമാരായ എം.ഇ.എസ്. മമ്പാട് കോളേജ് അബ്ദുൽ ബാരി സിദ്ദിഖിയിൽ നിന്നും ക്യാഷ് അവാർഡ് ഏറ്റുവാങ്ങുന്നു.

ആശംസകൾ..

# വിവാഹിതരായി



**എം.**ഇ.എസ്. പ്രസിഡന്റ് ഡോ. ഫസൽ ഗഫൂറിന്റെ മകൻ ഡോ റഹിം ഫസൽ ഗഫൂർ വിവാഹി തനായി. എറണാകുളം സിമാ സ് ഗ്രൂപ്പ് എം.ഡി. അലിയാർ മ കൾ ഷർബിൻ സുൽത്താന യാണ് ആണ് വധു. എറണാകു ളം അങ്കമാലി അറ്റ്ലസ് ഓഡി റ്റോറിയത്തിൽ വച്ച് 2015 ജനവ രി 3ന് നിക്കാഹും, 2015 ജനവരി 4ന് കോഴിക്കോട്വെച്ച് റിസപ് ഷനും നടന്നു. കേരള മുഖ്യമ ന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല, കെ.ബാബു, കെ. സി. ജോസഫ്, അനിൽ കുമാർ, ഇബ്രാഹീം കുഞ്ഞ്, ഡോ. എം.കെ. മുനീർ, എം.എൽ.എ.മാരായ ഹൈ ബി ഈഡൻ, അൻവർ സാദത്ത്, വി.ഡി. സതീഷൻ, ഡൊമനിക്ക് പ്രസന്റേഷൻ, ടി.എൻ. പ്രതാപൻ, അ ബ്ദുല്ലകുട്ടി, ഷാഫി പറമ്പിൽ, ഇ.കെ. വിജയൻ, വി.എസ്. സുനിൽ കുമാർ, ടി.എം. തോമസ് ഐസ ക്ക്, പി. ജയരാജൻ, ഇ.പി. ജയരാജൻ, സി.കെ. നാ ണു, ഷാജു പോൾ, ജോസ് തെറ്റ യിൽ, കോടിയേരി ബാലകൃ ഷ്ണൻ, എം.എ. ബേബി, എം.പി. അബ്ദുസമദ് സമാദാനി, അഡ്വ. ഷംസുദ്ദീൻ, വി.എം. ഉമ്മർ മാ സ്റ്റർ, അഡ്വ. പി.ടി.എ. റഹീം, പു രുഷൻ കടലുണ്ടി, പി.കെ. ബ ഷീർ, ലതിക, ആരിഫ്, ടി.എ. അഹമ്മദ് കബീർ, എ. പ്രദീപ് കുമാർ, കെ. മുരളീധരൻ, എം.പി. മാരായ ഇ. അഹമ്മദ്, മുല്ലപ്പള്ളി രാമചന്ദ്രൻ, ഇ.ടി. മുഹമ്മദ് ബ ഷീർ, പി.കെ. ശ്രീമിത ടീച്ചർ, കെ.സി. വേണുഗോപാൽ, എം. കെ. രാഘവൻ, കെ.പി.സി.സി. പ്രസിഡന്റ് വി.എം. സുധീരൻ, യു.ഡി.എഫ് കൺ വീനർ പി.പി. തങ്കച്ചൻ, എം.എം. ഹസ്സൻ, ടി.സി. സി ദ്ദീഖ്, ഡീൻ കുര്യാക്കോസ്, ബി.ജെ.പി. പ്രസിഡന്റ് വി. മുരളീധരൻ, സി.കെ. പത്മനാഭൻ തുടങ്ങിയ വരും സാമൂഹ്യ, രാഷ്ട്രിയ, മതരംഗത്തെ നേതാക്ക ളും, സാഹിത്യ-കല, സിനിമ മേഖലയിലെ പ്രമു ഖരും നവദമ്പതികൾക്ക് ആശംസകൾ നേർന്നു.

Printed & Published by Prof. P.O. Jamaludeen Lebba on behalf of the owner The Muslim Educational Society (Regd.) Calicut
Printed at Blaze Offset Prints, Oyitty Road, Calicut -1. Published at MES Head Quarters, Bank Road, Kozhikode - 673 001,
**Editor: K.S. Abdul Karim**



ഗോൾഡൻ ജൂബിലിയുടെ ഭാഗമായുള്ള ആദരിക്കൽ ചടങ്ങിൽ എം.ഇ.എസ്.മുൻ സംസ്ഥാന പ്രസിഡന്റ് കെ.കെ. അബൂബക്കർ സാഹിബിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉപഹാരം നൽകി ആദരിക്കുന്നു



ഗോൾഡൻ ജൂബിലിയുടെ ഭാഗമായുള്ള ആദരിക്കൽ ചടങ്ങിൽ എം.ഇ.എസ്.മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. എം.എ. അബ്ദുള്ള സാഹിബിന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉപഹാരം നൽകി ആദരിക്കുന്നു




ഗോൾഡൻ ജൂബിലി പ്രതിനിധി സമ്മേളനത്തിൽ എം.കെ. രാഘവൻ എം.പി. മുഖ്യ പ്രഭാഷണം നിർവഹിക്കുന്നു

**MES NEWS BULLETIN MONTHLY**
Licence No. KL/PMG/NR/WPP/58/KKD/2013-2015 Regn No. RNI-KERMAL/2012/46790
Registered No. KL/CT/213/2013-15. Licence to post without prepayment. Date of Publication 11th February 2015




ഗോൾഡൻ ജൂബിലി പ്രതിനിധിസമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു




ഗോൾഡൻ ജൂബിലിയുടെ ഭാഗമായുള്ള മുസ്‌ലിം നവോത്ഥാന സമ്മേളനം മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.




ഗോൾഡൻ ജൂബിലിയുടെ ഭാഗമായുള്ള ദേശീയ സെമിനാർ 'നാഷണൽ കൾച്ചറിസം' സെമിനാർ എ.ഐ.സി.സി. ജനറൽ സെക്രട്ടറി ദിഗ്‌വിജയ്സിംഗ് ഉദ്ഘാടനം ചെയ്യുന്നു